www.malankaralibrary.com

SINCE 1976


# ഐക്യദീപം
AIKYADEEPAM

നവംബർ 2023




തുറന്ന പുസ്തകം പോലെ
ഒരു ജീവിതം

## കുടിയേറുന്ന
## കേരളം



www.malankaralibrary.com

2 Timothy 4:7: I have fought the good fight, I have finished the race, I have kept the faith.



# E.M. Zacharia Manayil

Edathua, Kerala

Nov 1900 to 11.11.1943

*May his Soul Rest in Peace*

*Sorrowing Family of*

**Sons, Daughters , Grand Children, Great Grand Children living in Kerala, Delhi, Mumbai, Bengaluru, Hyderabad, Chennai, U.K, USA, Europe and Dubai**

# Zacharia Mathew


**(Retd. Dy. Accountant General)**
**Manayil - Hyderabad**

08.08.1932 to 26.11.2021

*May the Good Lord give him Eternal Rest!*

*Sorrowing Family :*

**Alice Mathew (Wife)**
**Dr. M Zacharia & Family**
**George Mathew & Family**
**Dear Brother and Sisters and the Larger Family of Children and, Grand Children, living in Delhi, Mumbai, Bengaluru, Hyderabad, Chennai, U.K, USA, Europe and Dubai**



www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 10 2023 നവംബർ ₹ 10

| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ 9048341462 | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |

ഉപദേശക സമിതി


ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents



08 തുടർക്കഥയാകുന്ന വിദേശ കുടിയേറ്റം — ജോബി ബേബി


11 കേരളയുവതയുടെ കടൽകടന്ന പഠനകുടിയേറ്റങ്ങൾ — മീരാകൃഷ്ണ


14 തുറന്ന പുസ്തകം പോലെ ഒരു ജീവിതം — മോൺ. ഡോ. ഐസക് പറപ്പള്ളിൽ


23 എന്റെ ലിസ്ബൺ അനുഭവങ്ങൾ — ജെറിൻ ജോസഫ്


29 നിസ്സംഗതയല്ല യുവത്വം — ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ

4 എഡിറ്റോറിയൽ

5 ഇടയശബ്ദം

**സ്ഥിരം പംക്തികൾ**

34. ആരോഗ്യം
ഡോ. ബെറ്റ്സി എ. ജോസ്

38. ഹോമിയോപ്പതി
സി. ഡോ. ഐറിൻ SIC

40. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

42. ജാലകം
മെർലിൻ റ്റി. മാത്യു

44. ബാലദീപം – ഡോ. ബാബു ഫിലിപ്പ്

49. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com


www.malankaralibrary.com

# Editorial എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ


## സുന്ദരമാണ് യുവത്വം

അനന്തതയുടെ ആകാശത്തിലേക്ക് ചക്രവാളം എത്തുവോളം പറന്നുയരാൻ കൊതിക്കുന്ന പ്രായം...സ്വപ്നങ്ങൾക്ക് വേണ്ടി ചിറകുകൾ വിടർത്തി കടലുകൾ പോലും നീന്തി ഹൃദയം സ്വന്തമാക്കിയതിന്റെ പിന്നാലെ പോകാൻ വെമ്പുന്ന സമയം. യുവത്വം ചില തേടലുകളുടെ യാത്രയാണ്. അന്വേഷണങ്ങളുടെ യാത്ര: ജീവിതമെന്ന മണ്ണിൽ കാലുറപ്പിച്ചു നിൽക്കാൻ പഠിക്കുന്ന കാലവും. അനന്തസാധ്യതകളുടെ കാലമായാണ് യുവത്വം വിശേഷിപ്പിക്കപ്പെടുന്നത്. വളർച്ചയും തളർച്ചയും പ്രണയവും മോഹവും മോഹഭംഗവും ഒക്കെ ചേർന്ന് ഒരുവന്റെ ജീവിതം കൂടുതൽ മെച്ചമാക്കുന്ന ഒരു മനോഹര കാലമാണ് യുവത്വം.

ഈ കാലഘട്ടം ഏതു വെല്ലുവിളികളും ഏറ്റെടുക്കാൻ അവരെ കരുത്തുള്ളവരാക്കുന്നു, ഒപ്പം ഭാവി സ്വയംരചിക്കാനുള്ള അവസരവും. എന്നാൽ ഇന്ന് യുവത്വം വെല്ലുവിളികളുടെ നടുവിലാണ്. സാദ്ധ്യതകൾ തേടി ദൂരേക്ക് പോകേണ്ട ഒരു സ്ഥിതിയിലാണ് നമ്മുടെ യുവജനങ്ങൾ. ഏറ്റവും നല്ലത് തേടി പ്പോകുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് മുൻപിൽ പുതിയ വാതിലുകൾ തുറക്കാൻ നമ്മളും സർക്കാർ സംവിധാനങ്ങളും പരാജയപ്പെടുകയാണ്. നാളെയുടെ പ്രകാശം ഇന്ന് തന്നെ കെടാൻ കാത്തുനിൽക്കുന്നു. കേരളം സമാനതകളില്ലാത്ത ദുഃസ്ഥിതി നേരിടുന്നു. വലിയ വീടുകൾ പലതും അടഞ്ഞു കിടക്കുന്നു. ചിലതിൽ രോഗികളായ മാതാപിതാക്കൾ മാത്രം. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ എല്ലാം യുവജനങ്ങൾ നേരിയ സാന്നിധ്യം മാത്രം ആകുന്നു. ദൈവാലയങ്ങൾ ശൂന്യമാകുന്നു.

സുന്ദരമാണ് നിന്റെ യുവത്വം... നിന്റെ ചിരിയും... നിന്റെ മുഖവും... നിന്റെ സ്വരവും പ്രിയപ്പെട്ടതാണ്. നഷ്ടപ്പെടുത്തേണ്ടതല്ല ഈ കാലം, ഹൃദയത്തോട് ചേർത്തുവയ്ക്കാം. നാടും നന്മകളും മറക്കാതിരിക്കാം. ഒപ്പം ഈ ബൈബിൾ വാക്യവും: യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്ക 2:52).

www.malankaralibrary.com



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)**

## ഇടയശബ്ദം


**പ്രതിപക്ഷ എതിർപ്പുകളും വ്യത്യസ്ത ചിന്തകളും പാടില്ല എന്നു ശഠിക്കുന്ന അപകടകരമായ രീതികൾ വർദ്ധിക്കുന്നു. ഇവയെ എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന രീതികൾ, അതിന് ഏതൊരു ശക്തിയെയും ജനാധിപത്യത്തിലെ നന്മ പുലരുന്നു എന്നുറപ്പാക്കുന്ന സംവിധാനങ്ങളെത്തന്നെ ദുരുപയോഗിക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ കിരാതകരങ്ങളെയും നാം കാണുന്നു.**

# ഭീതി വിതയ്ക്കുന്നവർ

വർത്തമാനകാലത്തിന്റെ പ്രത്യേകതയായി അനുഭവപ്പെടുന്നത് "വർദ്ധിച്ചുവരുന്ന ഭീതിയുടെ" സംസ്കാരമാണ്. ലോകമാസകലം അതു പടർന്നു വ്യാപിക്കുന്നു എന്ന് സംശയിക്കുന്നു. മനുഷ്യന്റെ അസ്തിത്വത്തെക്കുറിച്ചും അവന്റെ കുടുംബത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും ജോലിയെക്കുറിച്ചും മറ്റും പടർന്നുകൊണ്ടിരിക്കുന്ന ഒരു അരക്ഷിതാവസ്ഥ. ആരൊക്കെയോ മനുഷ്യനെ നിയന്ത്രിക്കുന്നതുപോലെ. അവനാഗ്രഹിക്കുന്നതു പറയുന്നതിനോ, അതിനെ സംരക്ഷിക്കുന്നതിനോ സാധിക്കാത്തവിധം ചിലതൊക്കെ അവനിൽ ഭയങ്ങളുണ്ടാക്കുന്നു. സുരക്ഷിതബോധം ഗൗരവമായി കുറയുന്നു. അതെ! രാഷ്ട്രീയ സാമ്പത്തിക മതമേഖലകളിൽ "ഭയത്തിന്റെ" അന്തരീക്ഷം ഉപയോഗിക്കപ്പെടുന്നു. ഈ ശക്തികൾ മനുഷ്യനെ അടിമപ്പെടുത്തുന്നു. സ്വാതന്ത്ര്യത്തിന്റെ മേഖലയായി സാമൂഹ്യമാദ്ധ്യമങ്ങൾ മനസ്സിലാക്കപ്പെടുന്നു എങ്കിലും സംഘടിതമായ ശക്തികൾ അവിടെയും അവനെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നു. സത്യമോ, നന്മയോ, പോസിറ്റീവായ എന്തുമാവട്ടെ, അവ ഇഷ്ടപ്പെടാത്തവർ സംഘാതമായി അവ പറയുന്നവരെ ആക്രമിക്കുന്നതും എല്ലാ രീതിയിലും നിശബ്ദരാക്കാൻ പരിശ്രമിക്കുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ മേഖലയിലും അധികാര സ്ഥാനങ്ങളിലും ഈ അവസ്ഥ പെരുകുന്നത് മനുഷ്യന്റെ നാശത്തിനു മാത്രമെ ഇടയാക്കൂ. പ്രതിപക്ഷ എതിർപ്പുകളും വ്യത്യസ്ത ചിന്തകളും പാടില്ല എന്നു ശഠിക്കുന്ന അപകടകരമായ രീതികൾ വർദ്ധിക്കുന്നു. ഇവയെ എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന രീതികൾ, ഏതൊരു ശക്തിയെയും ജനാധിപത്യത്തിൽ നന്മ ഉറപ്പാക്കുവാൻ ക്രമീകരിച്ചിരിക്കുന്ന സംവിധാനങ്ങളെത്തന്നെ ദുരുപയോഗിക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ കിരാതകരങ്ങളെയും നാം കാണുന്നു. ഇങ്ങനെയുള്ള രീതിയിൽ വരുതിക്കു നിർത്തുവാൻ രാഷ്ട്രീയത്തെയും അധികാരത്തെയും മതബോധത്തെയും കൂട്ടുപിടിക്കുമ്പോൾ "ഭീതി" എന്നത് അതിന്റെ പരിണിതഫലമായി മാറുന്നു. ഈ കൂട്ടർ ഇതു ലക്ഷ്യം വച്ചുതന്നെയാണ് പ്രവൃത്തിക്കുന്നത്. നിശ്ശബ്ദമാക്കപ്പെടുന്ന പൊതുസമൂഹത്തിന്റെ മനഃസാക്ഷി. അതിന്റെ മറവിൽ എന്തും ചെയ്ത് അധികാരത്തിൽ അഭിരമിക്കുന്ന കിരാതന്മാർ - അധമന്മാർ ഈ ഭയം മനുഷ്യകുലത്തിനു ഭീഷണിയാണ്. സംസ്കാരത്തിന്റെ അധഃപതനമാണ്. മനുഷ്യാവകാശങ്ങളുടെ തിരോധാനമാണ്. അടിയാൻ-ജന്മി വ്യവസ്ഥിതിയുടെ പുനരാഗമനം; പുനർജനനം. അല്ലെങ്കിൽ പിന്നെ എന്ത്?

www.malankaralibrary.com





വ്യത്യസ്ത സ്വരങ്ങളെ ദേശവിരോധമെന്നോ, മത സ്വാതന്ത്ര്യത്തിന്റെമേലുള്ള കൈകടത്തലുകളെന്നോ ഓമനപ്പേരിട്ട് തങ്ങളുടെ സ്ഥാപിത ലക്ഷ്യങ്ങളെ ഉറപ്പാക്കുന്ന ഈ കൂട്ടരെ പൊതുസമൂഹം വേണ്ടതുപോലെ തിരിച്ചറിയുന്നില്ല. തങ്ങളെ താത്ക്കാലികമായിട്ടെങ്കിലും ബാധിക്കുന്നില്ല എന്ന തോന്നലിൽ പൊതുജനം മുമ്പോട്ട് പോകുമ്പോൾ ഈ വിധ്വംസക ശക്തികൾ കൂടുതൽ ബലം പ്രാപിച്ചു വളരുന്നു. അണികൾ ഉണ്ടെന്ന മിഥ്യാധാരണയിൽ ഇവർ എന്തും കാട്ടിക്കൂട്ടുവാൻ മടിക്കുന്നില്ല. മന:സാക്ഷിയെ തങ്ങളുടെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ പഠിച്ച ഈ കൂട്ടർ പൊതുജനത്തെ ആവേശം കൊള്ളിക്കുന്ന രീതികളിൽ സംസാരിക്കും, തിരുത്തിപ്പറയും. അങ്ങനെ പോകുന്നു ഈ ശൈലികൾ. എന്തിനെയും വികസനമായും, ദേശസുരക്ഷയായും മറ്റും അവതരിപ്പിക്കുമ്പോൾ ഭയത്തിന്റെ വേരോട്ടം പ്രതീക്ഷിക്കുന്നതിലും ആഴമുള്ളതായി തീരും എന്നുള്ള ഈ മനുഷ്യരുടെ ബോദ്ധ്യമാണ് പൊതുസമൂഹത്തെ നിശ്ശബ്ദമാക്കുവാൻ ഇടയാക്കുന്നത്.

യുവജനങ്ങൾ വ്യത്യസ്തമായി ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും ശേഷിയുള്ളവരാണ്. എന്നാൽ ഇന്ന് അവർ എവിടെയാണ്? യുവജനങ്ങളെ നന്മയിലും സ്വാതന്ത്ര്യത്തിലും രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ എവിടെയാണ്? അധികാരത്തിലും രാഷ്ട്രീയത്തിലും യുവജനങ്ങളുടെ സാന്നിദ്ധ്യം തുലോം ചുരുങ്ങുന്നു. ഏതാനും ചിലരെ പേരിനു മാത്രം പരിഗണിക്കുന്നു. അവരെ അധികാരത്തിന്റെ അപ്പക്കഷണങ്ങൾ കാണിച്ച് വെറും കളിപ്പാട്ടങ്ങളാക്കി ഉപയോഗിക്കുന്നു. ഈ സമൂഹത്തിന് യുവമനസ്സുകളുടെ സ്വാതന്ത്ര്യവും നീതിനിഷ്ഠവും ധാർമ്മികവുമായ ശക്തിയും ആവശ്യമാണ്. പഴയതിനെയും പഴയതലമുറയെ മറക്കുന്നതിനുമല്ല, മറിച്ച് ഇന്നിന്റെ ആവശ്യങ്ങളും വെല്ലുവിളികളും അഭിമുഖീകരിക്കുന്ന ഇവരുടെ സംയോജനമാണ് പ്രധാനം. യുവജനങ്ങളെ മറന്നു പ്രവൃത്തിക്കുവാൻ പാടില്ല. അവരെ നന്മയുടേതല്ലാത്ത ഒരു പ്രത്യയശാസ്ത്രത്തിനും അടിമപ്പെടുത്തുവാൻ പാടില്ല. അവരുടെ സ്വതന്ത്രമായ കൂടിച്ചേരലുകൾക്കു മുതിർന്നവർ അവസരമൊരുക്കണം. ഭയത്തിനുപകരം സ്നേഹം, സാഹോദര്യം, വികസനം, സാർവ്വത്രിക സാഹോദര്യം, ഐക്യം ഇവ വളരണം; വളർത്തണം.

യുവജനസമൂഹം നേരിടുന്ന നിരവധി പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്ന് പറയേണ്ടിവരുന്നു. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനം വർദ്ധമാനമയമാകുന്നു. പെട്ടെന്നു പണം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗമായി ലഹരിയുടെ വിപണനം മാറിയിരിക്കുന്നു. യുവതികൾ സുരക്ഷിത ലഹരിവാഹകരായി ഉപയോഗിക്കപ്പെടുന്നു എന്നും ലോകം മനസ്സിലാക്കി വരുന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട് ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ യൗവ്വനം ഹോമിക്കപ്പെടുന്നു എന്നു നാം കാണുന്നു. ശക്തമായി ഈ വിപത്തുകളെ നേരിടുവാൻ രാഷ്ട്രീയ ഇച്ഛാശക്തികൾക്കു സാധിക്കാതെ വരുന്നു എന്നതും നമ്മെ ഭയപ്പെടുത്തേണ്ട കാര്യം തന്നെ. ഫലപ്രദമായി ഈ പ്രവണതകളെ നേരിടുന്നില്ലെങ്കിൽ നമ്മുടെ യുവജനങ്ങൾ നഷ്ടപ്പെടുക തന്നെ ചെയ്യും. നമ്മുടെ നാട് നശിക്കും. എന്തായിരിക്കും ഇവിടെ അവശേഷിക്കുക എന്നതു നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല. കുടുംബങ്ങൾ ഏറെ ഭാരപ്പെടുന്നു. സമാധാനവും സംതൃപ്തിയും മരീചികളായി മാറുന്നു. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. ലൈംഗിക അതിക്രമങ്ങൾ

> **“യുവജനങ്ങൾ വ്യത്യസ്തമായി ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും ശേഷിയുള്ളവരാണ്. അവരെ അധികാരത്തിന്റെ അപ്പക്കഷണങ്ങൾ കാണിച്ച് വെറും കളിപ്പാട്ടങ്ങളാക്കി ഉപയോഗിക്കുന്നു. ഈ സമൂഹത്തിന് യുവമനസ്സുകളുടെ സ്വാതന്ത്ര്യവും നീതിനിഷ്ഠവും ധാർമ്മികവുമായ ശക്തിയും ആവശ്യമാണ്.”**

www.malankaralibrary.com





ഉപശാന്തിയുടെ പുറകെയും പോകും. ഈ അവസ്ഥ കളിലാണ് തന്ത്രപരമായി, ദുഷ്ടലാക്കോടെയുള്ളവർ യുവജനങ്ങളുടെ ചുറ്റും കഴുകനെപ്പോലെ പറക്കു ന്നത്. അതിനു ചിലപ്പോൾ കുറ്റകൃത്യങ്ങളുടെ, മത ത്തിന്റെ, ഭീകരതയുടെ ഒക്കെ നിറങ്ങളുണ്ടാകും. ഇവിടെ പൊതുസമൂഹം ഉണർന്നെഴുന്നേൽക്കേണ്ട തുണ്ട്. നമ്മുടെ ക്രിയാത്മകമായ നിലപാടുകളിലൂടെ ഇവിടുത്തെ യുവസമൂഹം സജീവമാകണം.

നമ്മുടെ സമൂഹം യഥാർത്ഥ ആത്മീയതയോട് മുഖം തിരിഞ്ഞു നിൽക്കുകയാണോ? മതാത്മകത വർദ്ധിക്കുന്നു, മതാനുഷ്ഠാനങ്ങൾ പെരുകുന്നു. എന്നാൽ ആത്മീയതയും ധാർമ്മികതയും കുറഞ്ഞു വരുന്നു. അവ പാടെ അപ്രത്യക്ഷമായിക്കൊണ്ടിരി ക്കുന്നു. മതങ്ങൾ രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു. വിഷയങ്ങൾ വിഷയങ്ങളായിട്ടല്ല കാണുന്നതും വില യിരുത്തുന്നതും. ഏതെങ്കിലും ഒരു മതത്തിന്റെ ആശീർവാദത്തിനായി തിരക്കു കൂട്ടുന്ന പ്രവണതയും നമുക്കറിയാമല്ലോ. മാദ്ധ്യമങ്ങൾ ഇവ ഏറ്റുപിടിക്കാ തിരിക്കുവാൻ ശ്രദ്ധിക്കണം. ശരിയായ ദിശാബോധം നൽകുവാൻ മാദ്ധ്യമങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ സമൂഹം നന്നായി വളരും. മതങ്ങളെ ദുരുപയോഗി ക്കുന്ന പ്രവണതകൾക്കു നാം ഒരിക്കലും കൂട്ടു നിൽക്കരുത്. ചുരുക്കത്തിൽ യുവജനങ്ങളുടെ ഭാവി ക്കുവേണ്ടി മുതിർന്ന തലമുറയും സമൂഹത്തിലെ എല്ലാ ഘടകങ്ങളുമാണ് മുമ്പിൽ നിൽക്കേണ്ടത്. യുവ ജനങ്ങൾക്കുവേണ്ടി ഒഴുകുന്ന കണ്ണുനീർ ഫലസമൃ ദ്ധമാകുന്നത് ഈ വിധമാണ്. ഐക്യദീപം യുവജന ങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഈ ലക്കം വായ നക്കാരുടെ കണ്ണുതുറപ്പിക്കപ്പെടട്ടെ എന്ന ആശംസ യാണ് എനിക്കുള്ളത്. രവീന്ദ്രനാഥ ടാഗോറിന്റെ വിശ്വ പ്രസിദ്ധമായ ഗീതം നമുക്കും ഏറ്റുപാടാം.

വർദ്ധിക്കുന്നു. ഇങ്ങനെ ഒന്നിനു പിറകെ ഒന്നായി അധഃപതനം ഉണ്ടാകുന്നു. നമ്മുടെ യുവജനങ്ങളെ നേരായി നടത്തുവാൻ പറ്റുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. എല്ലാവരുടേയും പരമമായ ദൗത്യമായി ഇവ മാറണം. ചെറുപ്പക്കാരുടെ ഇടയിൽ ഉണ്ടാകുന്ന നൈരാശ്യവും ഡിപ്രഷനും, നിഷേധാ ത്മക സമീപനവും എല്ലാം നമ്മുടെ ശ്രദ്ധയിൽപ്പെ ടേണ്ടതുതന്നെ.

തൊഴിലില്ലായ്മയുടെ നിരക്ക് ഏറെ വർദ്ധിച്ചിരി ക്കുന്നു. നന്നായി പഠിക്കുന്നവർക്കുപോലും സർക്കാർ ജോലികൾ അസാദ്ധ്യമായി തീരുന്നു. പിൻവാതിലു കളിലൂടെയുള്ള നിയമനങ്ങളും വർദ്ധിച്ചുവരുന്ന പ്രീണന സമീപനങ്ങളും അർഹതപ്പെട്ടവരുടെ നിയ മനത്തിനു തടസ്സമായി തീരുന്നു. നിരാശയും വെറുപ്പും യുവജനങ്ങളിൽ ശക്തമാകുന്നതിന് ഇവ കാരണമാകുന്നു. ഒന്നിലും പ്രതീക്ഷയില്ലാത്ത ഒരന്ത രീക്ഷം യുവജനങ്ങളെ ഏറെ ഭാരപ്പെടുത്തുന്നു. ഇതിന്റെ പരിണിതഫലമാണ് ഭയാനകമായ കുടിയേറ്റ പ്രവണത. ഏതുവിധേനയും യൂറോപ്പിലേക്കോ മറ്റു രാജ്യങ്ങളിലേക്കോ കുടിയേറുവാൻ പരക്കംപായുന്ന യുവജനങ്ങൾ. ഇവയുടെ ഫലങ്ങൾ നമുക്കു ചിന്തി ക്കാവുന്നതിലും അപ്പുറംതന്നെ. യുവജനങ്ങൾക്കു സുരക്ഷിതത്വബോധം കൊടുക്കേണ്ടത് ഏറെ അത്യാ വശ്യകാര്യം തന്നെ. സുരക്ഷിതത്വബോധം രാഷ്ട്രീ യമായും തൊഴിൽപരമായും സാമ്പത്തികമായും വേ ണ്ടതാണ്. എങ്കിൽ മാത്രമെ യുവജനങ്ങളെ നമ്മുടെ കൂട്ടത്തിൽ നിർത്തുവാൻ കഴിയൂ. മാനസികപിരിമു റുക്കങ്ങൾക്ക് യുവജനങ്ങൾ വിധേയപ്പെടാതിരിക്കു ന്നതിനുള്ള മുൻകരുതലുകൾ നാം എടുക്കേണ്ടതാ ണ്. അസ്വസ്ഥമായ മനസ്സ് ഏതു താത്ക്കാലിക

### "Let My Country Awake"

Where the mind is without fear and the head is
held high;
Where knowledge is free;
Where the world has not been broken up into
fragments by narrow domestic walls;
Where words come out from the depth of truth;
Where tireless striving stretches its arms
towards perfection;
Where the clear stream of reason has not lost its
way into the dreary desert sand of dead
habit;
Where the mind is led forward by thee into
ever-widening thought and action –
Into that heaven of freedom, my Father, let my
country awake.

www.malankaralibrary.com





# തുടർക്കഥയാകുന്ന വിദേശ കുടിയേറ്റം

"ഉയർന്ന പ്രതിഫലം തന്നെയാണ് നഴ്സുമാരെ കേരളത്തിൽനിന്ന് വിമാനം കയറാൻ പ്രേരിപ്പിക്കുന്ന മുഖ്യഘടകം."




**ജോബി ബേബി**
നഴ്സ്, കുവൈറ്റ്

സാധ്യതകൾ തേടിയുള്ള കുടിയേറ്റങ്ങൾ മനുഷ്യചരിത്രത്തിന്റെ തന്നെ ഭാഗമാണ്. എന്നാൽ, നാടുമടുത്ത് നാടുവിടുന്നുവെന്ന അവസ്ഥ ആ നാടിനെ സംബന്ധിച്ച് അത്ര ശുഭസൂചനയല്ല. വികസിതരാജ്യങ്ങളിലേക്ക് നഴ്സുമാരെ ആകർഷിക്കുന്ന ഘടകങ്ങൾ കണ്ടില്ലെന്ന് നടിക്കാനുമാവില്ല. സമാന സാഹചര്യം കേരളത്തിലൊരുക്കണമെങ്കിൽ ഏറെനാൾ കാത്തിരിക്കേണ്ടി വന്നേക്കാം. ആ ശ്രമങ്ങൾക്ക് വേഗംകൂട്ടേണ്ടത് അത്യാവശ്യമാണ്.

"റഷ്യയിൽനിന്ന് എം.ബി.ബി.എസ്. പഠിച്ചെത്തിയ കുറച്ചു കുട്ടികളിവിടെ വന്നിരുന്നു. ശമ്പളം തരേണ്ട, വെറുതെ ആശുപത്രിയിൽ ജോലിക്കു നിന്നോട്ടെയെന്നവർ ചോദിക്കുന്നു. ഇവിടെയിപ്പോൾ ആവശ്യത്തിന് നഴ്സുമാരില്ലല്ലോ. ഈ കുട്ടികളെ നമുക്ക് ആ ഒഴിവുകളിലേക്ക് നിയമിച്ചാലോ സാർ ?" – കേരളത്തിലെ ഒരു സ്വകാര്യ ആശുപത്രിയിലെ മാനേജർ അടുത്തിടെ ഒരു ഡോക്ടറോട് ചോദിച്ച ചോദ്യം. ആശുപത്രിയിൽ നഴ്സുമാരുടെ ക്ഷാമം എത്രത്തോളം ഭീകരമാണെന്ന് മനസ്സിലാക്കാൻ ഈ ഒരൊറ്റ ചോദ്യം ധാരാളം. വർഷാവർഷം കേരളത്തിലങ്ങോളമിങ്ങോളം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ പൊന്തിവരുന്നുണ്ടെങ്കിലും ആവശ്യത്തിന് നഴ്സുമാരില്ലാത്തതിനാൽ അവർക്ക് പൂർണ്ണമായും കിടക്കകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഈ മേഖലയിൽ പരിചയസമ്പത്തുള്ള നഴ്സുമാരുടെ കുറവ് രോഗീപരിചരണത്തെയും സാരമായി ബാധിക്കുന്നുണ്ട്. പഠിച്ചിറങ്ങുന്ന കുട്ടികളെ വെച്ചാണ് മിക്ക ആശുപത്രികളും മുന്നോട്ടുപോകുന്നത്. പക്ഷേ, ഇവരിൽ ഭൂരിഭാഗവും മാസങ്ങളുടെ പരിശീലനം പൂർത്തിയാക്കിയശേഷം കടൽകടക്കും. ഈ പ്രവണത തുടർന്നാൽ ആരോഗ്യമേഖലയ്ക്ക് അത് വലിയ തിരിച്ചടിയാകും.

www.malankaralibrary.com





**ഇന്ത്യയിൽ നിന്നാണ് ഏറ്റവും കൂടുതൽപേർ വിദേശത്ത് ജോലിക്കുപോകുന്നത്. അതിൽ ഭൂരിഭാഗവും കേരളത്തിൽ നിന്നാണ്. കോവിഡിനുമുമ്പ് ഓരോ വർഷവും വിദേശത്തേക്ക് പോയിരുന്ന നഴ്സുമാരുടെ എണ്ണം പരമാവധി 12,000 ആയിരുന്നു. ശേഷം അത് 25,000 ആയി.**

## 'ഗൾഫ് ബൂം'

ഒരു കാലത്ത് ഗൾഫ് മലയാളികളായിരുന്നു കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ല്. 1970-കളിൽ നിന്ന് ഈ കാണുന്ന നിലയിലേക്ക് കേരളം വളർന്നത് ഗൾഫ്പ്രവാസത്തിന്റെകൂടി ഗുണഫലമായാണ്. എന്നാൽ, 2013-നുശേഷം ഗൾഫ് പ്രവാസം കുറഞ്ഞു. കോവിഡാനന്തരം കൂടുതൽ ഇടിവുണ്ടായി. എന്താണ് ഗൾഫ് കുടിയേറ്റവും യൂറോപ്യൻ കുടിയേറ്റവും തമ്മിലുള്ള വ്യത്യാസം? യൂറോപ്പിലേക്ക് കുടിയേറുന്നവർ നാട്ടിലേക്ക് മടക്കം ആഗ്രഹിക്കുന്നില്ല. അവിടെത്തന്നെ ജോലിചെയ്ത്, സമ്പാദിച്ച്, അവിടെത്തന്നെ മുതൽമുടക്കാൻ ആഗ്രഹിക്കുന്നവരാണ് ഏറെയും. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന് കാര്യമായ സാമ്പത്തികനേട്ടമില്ല. ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽത്തന്നെ, അത് ദീർഘകാലത്തേയ്ക്കെന്ന് കരുതാനാവില്ല. ഈ തലമുറയ്ക്ക് കേരളത്തിലുള്ള വേരറ്റു കഴിഞ്ഞാൽ അത് പൂർണ്ണമായും നിലയ്ക്കും.

## നഴ്സിംഗ് മേഖലയിലെ 'കൂട്ടപ്പലായനം'

ഉയർന്ന പ്രതിഫലം തന്നെയാണ് നഴ്സുമാരെ കേരളത്തിൽ നിന്ന് വിമാനം കയറാൻ പ്രേരിപ്പിക്കുന്ന മുഖ്യഘടകം. കോവിഡാനന്തരം ഈ 'നാടുവിടൽ' മുമ്പെങ്ങുമില്ലാത്തവിധം കൂടി. പെരുകുന്ന രോഗങ്ങളും ജനസംഖ്യാവർധനയും ആതുരസേവനരംഗത്തെ മാനവവിഭവശേഷി വർധിപ്പിക്കാൻ ലോകരാജ്യങ്ങളെ പ്രേരിപ്പിക്കുന്നു. പല രാജ്യങ്ങളും ഓരോ വർഷവും നഴ്സിംഗ് മേഖലയിൽ പതിനായിരക്കണക്കിന് തസ്തികകളാണ് സൃഷ്ടിക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ നഴ്സുമാരുള്ള രാജ്യങ്ങൾ ഫിലിപ്പിയൻസും ഇന്ത്യയുമാണ്. തൊഴിൽപരമായുള്ള വൈദഗ്ധ്യവും രോഗികളോട് സ്നേഹത്തോടെയും കരുതലോടെയുമുള്ള പെരുമാറ്റവുമാണ് കേരളത്തിലെ നഴ്സുമാർക്ക് ആഗോളതലത്തിൽ ഇത്രയേറെ ഡിമാൻഡുണ്ടാകാൻ കാരണം.

പ്രതിവർഷം ഇന്ത്യയിൽ 25,000 മുതൽ 30,000 പേർ നഴ്സിംഗ് പഠിച്ചിറങ്ങുന്നുണ്ട്. ഇന്ത്യയിൽനിന്നാണ് ഏറ്റവും കൂടുതൽപേർ വിദേശത്ത് ജോലിക്കുപോകുന്നത്. അതിൽ ഭൂരിഭാഗവും കേരളത്തിൽനിന്നാണ്. കോവിഡിനുമുമ്പ് ഓരോ വർഷവും വിദേശത്തേക്ക് പോയിരുന്ന നഴ്സുമാരുടെ എണ്ണം പരമാവധി 12,000 ആയിരുന്നു. ശേഷം അത് 25,000 ആയി.



www.malankaralibrary.com



പല രാജ്യങ്ങളിലും പോകുമ്പോൾ ത്തന്നെ കുടുംബവുമായി ഒരുമിച്ചു പോകാം. പുറമെ, മക്കൾക്ക് സൗജന്യ വിദ്യാഭ്യാസവും ലഭിക്കും. ഇത്രയും കാര്യങ്ങൾ പരിഗണി ച്ചാൽ തന്നെ വിദേശജീവിതം ആഗ്രഹിക്കാൻ നഴ്സുമാർക്ക് മറിച്ചൊന്നു ചിന്തിക്കേണ്ടതില്ല.

## നഴ്സുമാർക്ക് പ്രിയം

യു.കെ, കാനഡ, അയർലൻഡ്, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളാണ് നഴ്സുമാർക്ക് പ്രിയം

## ഒരു ദിവസത്തെ ജോലി ഒരു മാസത്തെ ശമ്പളം

ഇരുപത്തിനാലു മണിക്കൂർ ജോലി ചെയ്താലും മാസാവസാനം കേരളത്തിലെ നഴ്സുമാർക്ക് കിട്ടുന്നത് പരമാവധി 25,000 രൂപ. എന്നാൽ, പല വിദേശ രാജ്യങ്ങളിലും വേണമെങ്കിൽ ഈ പണം ഒറ്റദിവസത്തെ ജോലിയിൽനിന്ന് കിട്ടും. കാനഡയിൽ ഒരു മണിക്കൂർ ജോലി ചെയ്താൽ നഴ്സിന് 55 ഡോളറാണ് ശമ്പളം. നാട്ടിലെ 3000 രൂപ. ഇങ്ങനെ മാസം രണ്ടുലക്ഷം രൂപ മുതൽ അഞ്ചുലക്ഷം രൂപവരെ സമ്പാദിക്കുന്നവരുണ്ട്. മാസം 30-40 മണിക്കൂർ മാത്രം ജോലി ചെയ്താൽ മതി. മികച്ച ശമ്പളത്തിനു പുറമെ കുറഞ്ഞ ജോലി സമ്മർദ്ദവും ഒന്നരവർഷം വരെ ശമ്പളത്തോടു കൂടിയ പ്രസവാവധിയും. 2024-ൽ ലക്ഷം അവസരങ്ങൾ. കോവിഡാനന്തരം വിദേശ രാജ്യങ്ങൾ പലതും നഴ്സുമാരുടെ എണ്ണം വർധിപ്പിച്ചു. യു.കെ.യിലേക്കാണ് ഏറ്റവും കൂടുതൽ നഴ്സുമാർ പറക്കുന്നത്. 2024 ആകുമ്പോഴേയ്ക്കും യു.കെ.യ്ക്ക് 50,000 നഴ്സുമാരെ ആവശ്യമുണ്ടെന്നാണ് നാഷണൽ ഹെൽത്ത് സർവീസ് (എൻ.എച്ച്.എസ്.) സൂചിപ്പിക്കുന്നത്. ജർമനി-രണ്ടരലക്ഷം, കാനഡ -50,000, ജപ്പാൻ -40000, ഓസ്ട്രേലിയ-35000, ഫിൻലൻഡ്-15000 എന്നിങ്ങനെ നഴ്സുമാരെ ആവശ്യമായിവരും. പ്രവൃത്തിപരിചയംപോലും ആവശ്യപ്പെടാതെയാണ് മിക്ക രാജ്യങ്ങളും ഇവരെ റിക്രൂട്ട് ചെയ്യുന്നത്.

വ്യക്തിസ്വാതന്ത്ര്യം, സാമൂഹിക സുരക്ഷ, ജോലിയോടുള്ള ആദരവ്, പെർമനന്റ് റെസിഡന്റ് വിസ ലഭിക്കാനുള്ള സാധ്യത, നാട്ടിൽ കിട്ടുന്നതിനെക്കാൾ കൂടുതൽ പരിഗണന കിട്ടുന്നു, ശമ്പളവും ബഹുമാനവും ലഭിക്കുന്നു, കുടുംബത്തെയും കൊണ്ടുപോകാം. പല രാജ്യങ്ങളിലും പോകുമ്പോൾതന്നെ കുടുംബവുമായി ഒരുമിച്ചു പോകാം. പുറമെ, മക്കൾക്ക് സൗജന്യ വിദ്യാഭ്യാസവും ലഭിക്കും. ഇത്രയും കാര്യങ്ങൾ പരിഗണിച്ചാൽ തന്നെ വിദേശജീവിതം ആഗ്രഹിക്കാൻ നഴ്സുമാർക്ക് മറിച്ചൊന്നു ചിന്തിക്കേണ്ടതില്ല. ആഴ്ചയിൽ കുറച്ചു ദിവസങ്ങളിൽ മാത്രമാണ് ജോലി. ബാക്കി ദിവസങ്ങളിൽ ഓവർടൈം കൂടി ചെയ്താൽ വരുമാനവും വർധിക്കും. എല്ലാംകൊണ്ടും വിദേശരാജ്യങ്ങൾ നഴ്സുമാരുടെ പറുദീസയാണ്. ലോകരാജ്യങ്ങളെല്ലാം നഴ്സുമാർക്കായി നിലവിൽ അവരുടെ വാതിൽ തുറന്നിട്ടുമുണ്ട്.

25,000 പൗണ്ടാണ് യു.കെ.യിൽ ഒരു വർഷം ലഭിക്കുന്ന ശരാശരി വരുമാനം; ഏകദേശം 25 ലക്ഷം ഇന്ത്യൻ രൂപ. ഓവർ ടൈം കണക്കാക്കിയാൽ അത് വീണ്ടും ഇരട്ടിയാകും. ലീവ്, അവധി, ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ വേറെയും. വർഷങ്ങൾക്കകം പൗരത്വവും ലഭിക്കും. അതുമല്ലെങ്കിൽ ഓസ്ട്രേലിയയിൽ പോകാം. യു.കെ.യിൽ ഒരു വർഷം ജോലി ചെയ്തവരെ ഓസ്ട്രേലിയ ഡയറക്ട് പി.ആർ (പെർമനന്റ് റെസിഡന്റ്) ആയി എടുക്കും. യു.കെയിലുള്ളതിനേക്കാൾ ശമ്പളവും ലഭിക്കും. ●

www.malankaralibrary.com





# കേരളയുവതയുടെ കടൽകടന്ന പഠനകുടിയേറ്റങ്ങൾ

**പൂർണ്ണമായും വികസിച്ചിട്ടില്ലാത്ത പ്രത്യേകിച്ചൊന്നും ആയിത്തീർന്നിട്ടില്ലാത്ത വളർച്ചയുടെ വഴികളിലൂടെ നീങ്ങുന്ന ഒരു അവസ്ഥയാണ് യൗവ്വനം. ഒരു നാടിന്റെ അഭിവൃദ്ധിക്കായി ബൗദ്ധികവും സർഗ്ഗാത്മകവും കായികവുമായ നിരവധി സംഭാവനകൾ നൽകുന്നതിൽ മുൻപന്തിയിൽ നിന്ന് നമ്മുടെ നാടിനെ നയിക്കേണ്ടവരാണ്.**



**മീരാകൃഷ്ണ**

സാഹിത്യകാരൻ സക്കറിയ ഒരിക്കൽ പറഞ്ഞു: "ജൂതർ കഴിഞ്ഞാൽ ലോകത്തെ ഏറ്റവും ചിതറപ്പെട്ട ജനതയാണു മലയാളികൾ. എന്നാൽ ഒരു വ്യത്യാസമുണ്ട്. രണ്ടായിരത്തോളം വർഷം ജൂതർക്കു സ്വന്തമായി നാടുണ്ടായിരുന്നില്ല. മലയാളികൾക്കതുണ്ട് എന്നു മാത്രം." നമുക്കൊന്നു ചിന്തിക്കാം...ചിതറിക്കിടക്കുന്ന മലയാളികളെപ്പറ്റി...! രാജ്യം വിട്ടുപോകുന്ന യുവത്വത്തെക്കുറിച്ച്...!

യുവജനങ്ങൾ നാടിന്റെ സമ്പത്താണ്. പൂർണ്ണമായും വികസിച്ചിട്ടില്ലാത്ത പ്രത്യേകിച്ചൊന്നും ആയിത്തീർന്നിട്ടില്ലാത്ത വളർച്ചയുടെ വഴികളിലൂടെ നീങ്ങുന്ന ഒരു അവസ്ഥയാണ് യൗവ്വനം. ഒരു നാടിന്റെ അഭിവൃദ്ധിക്കായി ബൗദ്ധികവും സർഗ്ഗാത്മകവും കായികവുമായ നിരവധി സംഭാവനകൾ നൽകുന്നതിൽ മുൻപന്തിയിൽ നിന്ന് നമ്മുടെ നാടിനെ നയിക്കേണ്ടവരാണ്. പക്ഷേ, ഇന്നു നമ്മുടെ നാട്ടിൽ യുവജനങ്ങൾ കുറയുന്നു. വൃദ്ധന്മാരുടെ നാടായി കേരളം മാറുന്നു.

ഇന്ന് എങ്ങനെയുള്ള തലമുറയെ ആണ് നമ്മൾ സൃഷ്ടിക്കുന്നത്...? കിട്ടുന്ന അവസരത്തിൽ കേരളത്തിൽനിന്നും നമ്മുടെ സംസ്ക്കാരത്തിൽ നിന്നും പിന്നീട് സ്വന്തം മാതാപിതാക്കളിൽ നിന്നും ഓടിപ്പോകുന്ന തലമുറയെയോ..? അവരെ അങ്ങനെ വാർത്തെടുക്കുന്നത് നമ്മുടെ ഭരണവ്യവസ്ഥയും നാമുൾപ്പെടെയുള്ള ഓരോ മാതാപിതാക്കളുമല്ലേ?

കടൽ കടന്നുള്ള പഠനം എന്ന നിലയിലുള്ള യുവ കുടിയേറ്റത്തിന്റെ പുതിയ കാലഘട്ടമാണിത്. കേരളത്തിൽ പലയിടത്തും ജയിൽ രീതിയിലുള്ള ചില കോച്ചിംഗ് സ്ഥാപനങ്ങൾ ഉണ്ട്. കർശനമായ ശിക്ഷണത്തോടെ...... ജേതാക്കളെ സൃഷ്ടിക്കുന്ന തടവറകൾ..! അവിടെ വിട്ടു പഠിപ്പിച്ച് വിജയിപ്പിച്ച് ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്തേക്കയയ്ക്കുന്ന യുവജനങ്ങളുടെ പ്രവാഹത്തിന് കേരളം സാക്ഷ്യം വഹിക്കുന്നു. പഠിക്കാൻ വിദേശത്തുപോകുന്ന യുവതയുടെ ഓരോ വർഷവുമുണ്ടാകുന്ന കുതിച്ചുചാട്ടം അമ്പരപ്പിക്കുന്നതാണ്. 2021-22ൽ കേരളത്തിലെ ബാങ്കുകളിൽ നിന്നു വായ്പ്പയെടുത്തത് 82,781 പേരാണ്. 12-ാം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികളിൽ അഞ്ചിലൊന്നുപേർ നാടുവിടുന്നു. ലോകത്തെവിടെയും മലയാളി വിദ്യാർത്ഥികളാണധികവും. 44 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 1.55 ലക്ഷം ജനസംഖ്യയുമുള്ള ചെറിയ ഡച്ച് കരീബിയൻ രാജ്യമായ കുറക്കാവെയിൽപ്പോലും പഠിക്കാനും ജോലിക്കുമായി ധാരാളം മലയാളി യുവ

www.malankaralibrary.com



ജനങ്ങളുണ്ട് എന്ന് ഒരു മാധ്യമ റിപ്പോർട്ടിൽ കണ്ടു.

കഴിഞ്ഞനൂറ്റാണ്ടിന്റെ മദ്ധ്യംമുതൽ തൊഴിൽരഹിതർ പല പല തൊഴിലുകൾ തേടി മറ്റ് രാജ്യങ്ങളിലേക്കു പോയിരുന്നു. ഇപ്പോൾ പഠനത്തിനായാണ് യുവജനങ്ങൾ കുടിയേറുന്നത്. ഇന്ന് യു.കെ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിൽ പഠിക്കാൻ വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിദേശ വിദ്യാഭ്യാസമേളകൾ, ഐ.ഇ.എൽ.റ്റി.എസ് പരിശീലന കേന്ദ്രങ്ങൾ, മാധ്യമങ്ങളിലെ പരസ്യങ്ങൾ, പൊതു ഇടങ്ങൾ എന്നിവ ദക്ഷിണേന്ത്യൻ സംസ്ഥാനത്ത് സർവ്വസാധാരണമാണ്. വിദേശസർവ്വകലാശാലകൾ അവസരങ്ങൾ മുതലെടുക്കുന്നുണ്ട്. ഡ്യുവൽ ഡിഗ്രി പോലുള്ള വമ്പൻ ഓഫറുകളുമുണ്ട്.

അഞ്ചുവർഷത്തിനിടെ 20000 പേർക്ക് ജോലി നൽകിയെന്ന് കേരളസർക്കാർ വെളിപ്പെടുത്തുമ്പോൾ 2021 – ലെ ആസൂത്രണബോർഡ് റിപ്പോർട്ട് അനുസരിച്ച് 1,01,686 വിദ്യാർത്ഥികൾ സംസ്ഥാനത്തെ സയൻസ് ആൻഡ് ആർട്ട്സ് കോളേജുകളിൽ ചേരുകയും 27916 ഉദ്യോഗാർത്ഥികൾ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തിട്ടുണ്ട് എങ്കിലും 2021-ൽ കേന്ദ്രസർക്കാർ പാർലമെന്റിൽ നൽകിയ കണക്കുകൾ വച്ചു നോക്കുമ്പോൾ കേരളത്തിൽ നിന്ന് ഉപരിപഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വരുന്ന അഞ്ചുവർഷങ്ങൾക്കുള്ളിൽ ഒരു ലക്ഷം കവിയും എന്നതാണ്. ധാരാളം സർവ്വകലാശാലകൾ കേരളത്തിലുണ്ടായിട്ടും, കേരളത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്താത്തതിനാലാണോ വിദ്യാർത്ഥികൾക്ക് പഠനത്തിനായി വിദേശയാത്ര നടത്തേണ്ടിവരുന്നത്?

വിദേശത്തു പോകുന്നത് എന്തുകൊണ്ട് എന്നു ചിന്തിക്കുമ്പോൾ താഴെ പറയുന്ന പലകാരണങ്ങൾ കാണുന്നു.

**തൊഴിൽരഹിതർ പല പല തൊഴിലുകൾ തേടി മറ്റ് രാജ്യങ്ങളിലേക്കു പോയിരുന്നു. ഇപ്പോൾ പഠനത്തിനായാണ് യുവജനങ്ങൾ കുടിയേറുന്നത്. ഇന്ന് യു.കെ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിൽ പഠിക്കാൻ വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിദേശ വിദ്യാഭ്യാസമേളകൾ, ഐ.ഇ.എൽ.റ്റി.എസ് പരിശീലന കേന്ദ്രങ്ങൾ, മാധ്യമങ്ങളിലെ പരസ്യങ്ങൾ, പൊതു ഇടങ്ങൾ എന്നിവ ദക്ഷിണേന്ത്യൻ സംസ്ഥാനത്ത് സർവ്വസാധാരണമാണ്.**

1. സംസ്ഥാനത്തെ പ്രതികൂല സാമൂഹിക സാമ്പത്തിക സ്ഥിതി.
2. സംസ്ഥാനത്തെ ലിംഗപക്ഷപാതവും രാഷ്ട്രീയ പക്ഷപാതവും.
3. വിദേശരാജ്യങ്ങളിലെ സ്റ്റേ ബാക്ക് ഓപ്ഷനുകൾ.
4. കേരളത്തിലെ മോശം ജീവിതസാഹചര്യങ്ങൾ.
5. വിദേശത്ത് വസിക്കുന്നവർക്ക് നാട്ടുകാർ കൊടുക്കുന്ന മെച്ചപ്പെട്ട സാമൂഹ്യനില.
6. വിദേശത്ത് പഠിക്കുന്നതിലൂടെയോ താമസിക്കുന്നതിലൂടെയോ വർക്ക് പെർമിറ്റുകളാണ് പ്രധാനലക്ഷ്യം.



7. സദാചാര പോലീസിംഗും രക്ഷകർതൃ ഇടപെടലുകളും (സ്വാതന്ത്ര്യേച്ഛ)

വിരൽത്തുമ്പിൽ തുറന്നുകിട്ടുന്ന വെർചൽ ലോകം, വിദേശരാജ്യങ്ങളിലെ കൂടുതൽ സ്വതന്ത്രവും വിശാലവുമായ ജീവിതം ജനങ്ങൾക്കു പരിചിതമാക്കുന്നു, തൊഴിലവസരങ്ങളിലും വിദ്യാഭ്യാസ നിലവാരത്തിലും കേരളം നിരാശപ്പെടുത്തുന്നു എന്ന ബോധവും.!

കേരളത്തിൽ പ്രൊഫഷണലിസ്റ്റുകൾക്കുള്ള മോശം വേതനവും ഒരു കാരണം തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് ഐ.ടി പ്രൊഫഷണലുകൾക്ക് മാത്രമാണ് ന്യായമായ ശമ്പളം ഉള്ളത്. കേരളത്തിൽ എം ബി എയോ എഞ്ചിനീയറിംഗ് ബിരുദമോ ഉള്ള പുതിയ ഉദ്യോഗസ്ഥർക്ക് പോലും കിട്ടുന്ന ശമ്പളം വളരെ കുറവാണ്. തൽഫലമായി 12–ാം ക്ളാസ്സ് പാസ്സാകുമ്പോൾ തന്നെ പഠിതാവിലുണ്ടാകുന്ന ചിന്ത എങ്ങനെയെങ്കിലും ഈ സംസ്ഥാനത്തുനിന്നും രാജ്യത്തിൽനിന്നുപോലും പുറത്തു കടക്കണമെന്നാണ്. അനുയോജ്യമായ ജോലികൾ കേരളത്തിൽ ലഭ്യമല്ല എന്നതും വിദേശ വിദ്യാഭ്യാസത്തിന്റെ നിലവാരമേന്മയുമാണ് മറ്റൊരു വസ്തുത.

കേരളത്തിലെ യുവജനങ്ങളുടെ പലായനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ വലുതാണ്. 12–ാം ക്ളാസ്സ് പരീക്ഷ പാസ്സായതിനു ശേഷം പഠിതാക്കൾ ഉപരിപഠനത്തിനായി വിദേശത്തേയ്ക്കു പോകുമ്പോൾ അത് കേരള സമൂഹത്തിൽ വലിയ സാമ്പത്തിക സാമൂഹിക മാറ്റങ്ങൾക്ക് കാരണമാകും. വിദ്യാഭ്യാസമേഖല തകരും ഡിഗ്രിതലം മുതൽ കോളജുകളിൽ കുട്ടികൾ ഇല്ലാതാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും നിർത്തലാക്കപ്പെടും. നമ്മുടെ നാട് നിർജീവമാകും. പതിനെട്ട് പത്തൊമ്പത് നൂറ്റാണ്ടുകളിൽ വിദേശമിഷനറിമാർ ഇവിടുത്തെ വിദ്യാഭ്യാസ മേഖല പോഷിപ്പിക്കാൻ ചെയ്ത സേവനങ്ങൾ മറക്കാതിരിക്കുക

വിദേശത്തേയ്ക്കുള്ള യുവജനങ്ങളുടെ പലായനം കുറയണമെങ്കിൽ മെച്ചപ്പെട്ട വേതനവും ജീവിതനിലവാരവും ഉറപ്പാക്കാൻ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കേരളം സമ്പദ്‌വ്യവസ്ഥയെ ഡിജിറ്റലൈസ് ചെയ്യുകയും പ്രാദേശികതൊഴിലുകൾ ഉത്പാദനക്ഷമമാക്കുകയും കേരളത്തിന്റെ കാർഷികമേഖല വികസിപ്പിക്കുകയും വേണം.

മലയാളികളിൽ വലിയൊരുവിഭാഗം ധനാർത്തിമൂത്ത് മറ്റേതോ സംസ്ക്കാരത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടു സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് ഇന്നിന്റെ സത്യം. നമ്മൾ പാരമ്പര്യമായി അനുഷ്ഠിക്കുന്ന ആരാധനകൾ,വസ്ത്രം, ഭക്ഷണം, ഭാഷ, സംസ്കാരം, ആചാരം ഇവയോടെല്ലാം ഇവർ അകൽച്ച കാണിക്കുന്നു.

കേരളീയ ജീവിതത്തിന്റെ അടഞ്ഞവാതായനങ്ങളെ പുറം ലോകത്തേക്കു തള്ളിവിട്ടത് കഴിഞ്ഞ നൂറ്റാണ്ടിലെ പ്രവാസമാണ്. പ്രവാസത്തിന്റെ പല ഘട്ടങ്ങൾ കടന്നുവന്ന മലയാളികൾ നിർണ്ണായകമായൊരു വഴിത്തിരിവിൽ എത്തിനിൽക്കുകയാണിപ്പോൾ. വിദ്യാർത്ഥി കുടിയേറ്റം ഭാവികേരളത്തിന്റെ ദിശനിശ്ചയിക്കുന്നത്ര വലിയ സാമൂഹിക ചലനമായി മാറും എന്നതിൽ സംശയമില്ല. ഇപ്പോഴത്തെ ഈ ഒഴുക്കിനെ, പണം കൊടുത്തുള്ള ഇപ്പോഴുള്ള ഈ യുവകുടിയേറ്റത്തെ സ്വാഭാവിക പ്രതിഭാസമായി കാണാം. അതു തുടരാതിരിക്കാൻ, നമ്മുടെ യുവജനങ്ങൾ നാടുവിടുമ്പോൾ പകരം ഇവിടെയുള്ളവരും നൈപുണ്യമുള്ളവരാകണം. നമ്മുടെ നാട്ടിലെ സാമൂഹിക വിടവുകളെ രൂക്ഷമാക്കാതിരിക്കാനുള്ള ഇടപെടലുകൾ സർക്കാർ കൈക്കൊള്ളണം.


»»
വിദേശത്തേയ്ക്കുള്ള യുവജനങ്ങളുടെ പലായനം കുറയണമെങ്കിൽ മെച്ചപ്പെട്ട വേതനവും ജീവിത നിലവാരവും ഉറപ്പാക്കാൻ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കേരളം സമ്പദ്‌വ്യവസ്ഥയെ ഡിജിറ്റലൈസ് ചെയ്യുകയും പ്രാദേശിക തൊഴിലുകൾ ഉത്പാദനക്ഷമമാക്കുകയും കേരളത്തിന്റെ കാർഷികമേഖല വികസിപ്പിക്കുകയും വേണം.
»»



1990–കളിൽ കർണ്ണാടക സർക്കാർ ഐ.ടി ക്കു നൽകിയ പ്രാമുഖ്യം ആണ് ബെംഗളുരുവിനെ മാറ്റിയെടുത്തത്. അത് എങ്ങനെയെന്ന് മനസ്സിലാക്കുക. കാഴ്ച്ചപ്പാടും ലക്ഷ്യബോധവും ഉണ്ടെങ്കിൽ കേരളത്തിലും ഇതു സാധ്യമാകും. മാതൃരാജ്യവും മാനസികാരോഗ്യവുമാണ് ഒരുവന് സന്തുലിതവ്യക്തിത്വം നേടിക്കൊടുക്കുന്നത് എന്നത് ഓരോ കേരളീയനും വിസ്മരിക്കാതിരിക്കുക.

www.malankaralibrary.com





# തുറന്ന പുസ്തകം പോലെ ഒരു ജീവിതം

സത്യത്തിന്റെ പാത തിരഞ്ഞെടുത്ത ഒരു സത്യാന്വേഷകൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 25 വർഷങ്ങളായെങ്കിലും ഇന്നും, പൗലോസ് മാർ പീലക്സിനോസ് എന്ന നാമം സഭാചരിത്രത്തിന്റെ താളുകളിലും മനുഷ്യഹൃദയങ്ങളിലും നിറഞ്ഞുനില്ക്കുന്നു. ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് സഭാസ്നേഹത്തിൽ വളർന്ന് സനാതനസത്യത്തിൽ അടിയുറച്ച ജീവിതം നയിച്ച പുണ്യശ്ലോകനാണ് അദ്ദേഹം. അന്വേഷിച്ചറിഞ്ഞ സത്യത്തിനുവേണ്ടി തന്റെ ജീവിതത്തെ ബലിയർപ്പിക്കുവാൻ അഭി. തിരുമേനി തയ്യാറായി. അതുകൊണ്ടുതന്നെ ആ ജീവിതം ചരിത്രത്തിനും സഭയ്ക്കും വലിയ സാക്ഷ്യമായി. സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾപ്പെട്ടുകൊണ്ട് മാത്രമേ തന്റെ സഭാജീവിതം പൂർണ്ണമാക്കാനാവൂ എന്ന് അദ്ദേഹം വിശ്വസിച്ചു. സഭാജീവിതത്തിലും വ്യക്തിജീവിതത്തിലും ശ്രദ്ധേയവും ശ്രേഷ്ഠവുമായ നിഷ്ഠകൾ പുലർത്തിയ ജീവിതത്തിന് ഉടമയായിരുന്നു പീലക്സിനോസ് തിരുമേനി. തനിക്ക് ബോധ്യപ്പെട്ട വഴി മനസ്സിലാക്കിയ തിരുമേനി, അതിലൂടെ തനിക്ക് നേരിടേണ്ടി വരാവുന്ന ഭവിഷ്യത്തുകളെപ്പറ്റി ചിന്തിക്കാനോ, തന്റെ ആദർശവും ബോധ്യവും നിസ്സാരമായവയ്ക്കുവേണ്ടി ബലികഴിക്കുവാനോ തയ്യാറായില്ല. മറ്റുള്ളവരെ സ്നേഹിച്ചും കരുതിയും ശുശ്രൂഷിച്ചും ജീവിച്ച തിരുമേനി തന്റെ നിഷ്കളങ്കമായ പുഞ്ചിരിയിലൂടെ അനേകം ഹൃദയങ്ങളെ കീഴടക്കി. സൗമ്യമായ പെരുമാറ്റം, ലളിത ജീവിതം, മിതഭാഷണം ഇവ അദ്ദേഹത്തിന്റെ ജീവിതസുകൃതങ്ങളായിരുന്നു. അധികാരത്തേക്കാളേറെ സത്യത്തെ സ്നേഹിക്കുകയും, ആ സത്യം ഉറക്കെ വിളിച്ചു പറയുകയും, ആ സത്യത്തിലേക്ക് അനേകരെ അദ്ദേഹം ക്ഷണിക്കുകയും ചെയ്തു.

1928 ഏപ്രിൽ 28-ാം തീയതി തൃശ്ശൂർ ജില്ലയിലെ അഞ്ഞൂർ ഗ്രാമത്തിൽ അയ്യംകുളങ്ങര തോമസിന്റെയും താണ്ടക്കുട്ടിയുടെയും ആറു

www.malankaralibrary.com





**മോൺ. ഡോ. ഐസക് പറപ്പള്ളിൽ**
(മുഖ്യ വികാരിജനറാൾ, തിരുവല്ല അതിഭദ്രാസനം)

മക്കളിൽ മൂത്തമകനായി തിരുമേനി ജനിച്ചു. പൗലോസ് എന്ന നാമധേയത്തിൽ തൊഴിയൂർസഭയുടെ ഭദ്രാസന ദൈവാലയമായ അഞ്ഞൂർ പള്ളിയിൽ മാമ്മോദീസ സ്വീകരിച്ചു. കൊച്ചുകുഞ്ഞൻ എന്ന് വീട്ടുകാരാലും നാട്ടുകാരാലും വിളിക്കപ്പെട്ട അദ്ദേഹം, തൊഴിയൂർ, പഴഞ്ഞി, കുന്നംകുളം എന്നിവിടങ്ങളിലായി പ്രാഥമിക വിദ്യാഭ്യാസം നടത്തി. മഹാരാഷ്ട്രയിലെ കോലാപ്പൂരിൽ സാംഗ്ലി എന്ന സ്ഥലത്തെ വെല്ലിംഗ്ടൺ കോളേജിലെ പഠനശേഷം ഡോക്ടറാകണമെന്ന് ആഗ്രഹിച്ചു. പക്ഷേ, ശാരീരികസ്ഥിതിയും രോഗവും അനുവദിച്ചില്ല. തുടർന്ന് മലബാർ സ്വതന്ത്ര സുറിയാനിസഭയിൽ വൈദികപരിശീലനത്തിനായി പ്രവേശിച്ചു. 1961 ഡിസംബർ 24 ന് പൗരോഹിത്യവും, 1967 ഡിസംബർ 9 ന് റമ്പാൻ പട്ടവും സ്വീകരിച്ചു. 1967 ഡിസംബർ 16 ന് മേൽപ്പട്ടസ്ഥാനം സ്വീകരിച്ച തിരുമേനി, പത്തു വർഷക്കാലം ആ സഭയ്ക്ക് വേണ്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. അനേകം പള്ളികളും, മാർ കൂറിലോസ് മിഷൻ ഹോസ്പിറ്റൽ തുടങ്ങിയ വിവിധ സ്ഥാപനങ്ങളും പടുത്തുയർത്തി. 1977 ഓഗസ്റ്റ് 28-ാം തീയതി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. 21 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാസഭയെ സ്നേഹിച്ചും ശുശ്രൂഷിച്ചും അദ്ദേഹം ജീവിച്ചു. ചായൽ ഭദ്രാസന സ്ഥാനിക മെത്രാനും, തിരുവനന്തപുരം മേജർ അതിഭദ്രാസന എപ്പിസ്ക്കോപ്പൽ വികാരിയുമായി അദ്ദേഹം പ്രവർത്തിച്ചു. 1998 നവംബർ 3-ാം തീയതി രാത്രി 10.30 ന് തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ കാലം ചെയ്തു.

പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ജീവിതത്തെ സമഗ്രമായി അവതരിപ്പിച്ചുകൊണ്ട് 'പൗലോസ് മാർ പീലക്സിനോസ് – സഭൈക്യത്തിന്റെ അപ്പസ്തോലൻ'എന്ന ഒരു ഗ്രന്ഥം, 2006-ലെ പുനരൈക്യ വാർഷികവേളയിലും, അതിന്റെ രണ്ടാം പതിപ്പ് 2021-ൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലും പ്രസിദ്ധീകരിക്കുവാൻ ഭാഗ്യം ലഭിച്ചത് ഒരു അനുഗ്രഹമായി ഞാൻ കരുതുന്നു. ആ പുസ്തകത്തിന്റെ രചനയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ബാല്യകാലം മുതൽ മരണം വരെയുള്ള കാര്യങ്ങളും, ജീവിതാനുഭവങ്ങളും ജീവിതദർശനങ്ങളും, പുനരൈക്യപരിശ്രമങ്ങളും മനസ്സിലാക്കുവാൻ സാധിച്ചു. അഭി. പിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ കടന്നുവരുന്ന വേറൊരു ചിത്രമുണ്ട്. അത് 1996 ൽ സംഭവിച്ചതാണ്. അന്ന് ഞാൻ പീച്ചി പള്ളി വികാരിയായിരുന്നു. ഒരു ദിവസം തിരുവല്ല അരമനയിൽനിന്ന് ബഹു. കരിമ്പനാമണ്ണിലച്ചന്റെ ഫോൺ. തിരുമേനി ഇപ്പോൾ തൃശ്ശൂർ മിഷൻ ഹോസ്പിറ്റലിൽ അഡ്മിറ്റാണ്. ഇവിടെനിന്ന് അത്ര ദൂരം ഞങ്ങൾക്ക് അവിടേയ്ക്ക്

**25 വർഷങ്ങൾക്ക് മുമ്പ് കാലംചെയ്ത ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെക്കുറിച്ചുള്ള അനുസ്മരണം**



*മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മെത്രാപ്പോലീത്താമാർ മാർ പീലക്സിനോസ് പിതാവിന്റെ ഭൗതികശരീരത്തിനു സമീപം.*

www.malankaralibrary.com



വരുന്നത് ബുദ്ധിമുട്ടാകയാൽ ഒന്ന് പോയി അന്വേഷിക്കണം'. അതനുസരിച്ച് പിതാവ് അഡ്മിറ്റായി കിടന്ന അഞ്ചു ദിവസവും ഞാൻ അവിടെ പോകുകയും സംസാരിക്കുകയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു.

## പുനരൈക്യചിന്തകളും പരിശ്രമവും

കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് പീലക്സിനോസ് തിരുമേനിക്ക് വ്യക്തമായ ഒരു കാരണമുണ്ടായിരുന്നു. അത് മറ്റൊന്നുമല്ല ഇക്കാര്യത്തിലുള്ള തന്റെ ഉറച്ച ബോധ്യമായിരുന്നു. ദീർഘനാളത്തെ പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും സത്യസഭയെ തിരിച്ചറിഞ്ഞ് പുനരൈക്യത്തിനു വേണ്ടി അദ്ദേഹം ഒരുങ്ങി. താൻ ഗ്രഹിച്ച യാഥാർത്ഥ്യം സഫലമാക്കുന്നതിന് അദ്ദേഹം പ്രകടിപ്പിച്ച ധീരതയും നിശ്ചയദാർഢ്യവും ദൈവപരിപാലനയിലുള്ള ബോധ്യവും ഏറെ ശ്രദ്ധേയമാണ്. അബ്രഹാമിനെപ്പോലെ ഉറപ്പുള്ള വിശ്വാസവും, പൗലോസിനെപ്പോലെ തീക്ഷ്ണതയേറിയ ജീവിതവും സ്വായത്തമാക്കിയ മഹാനാണ് പീലക്സിനോസ് തിരുമേനി. സത്യമെന്തെന്ന് ബോധ്യപ്പെട്ട അദ്ദേഹം, ആ സത്യമെന്തെന്ന് ബോധ്യപ്പെടുവാൻ ഏവരെയും ഇടയലേഖനത്തിലൂടെ ക്ഷണിച്ചത് ചരിത്രസത്യം. എന്നാൽ പലരുടെയും താല്പര്യമില്ലായ്മ അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. പഠിച്ചറിഞ്ഞ് ബോധ്യപ്പെട്ട സത്യത്തെ അനുഭവിച്ചറിയാൻ അദ്ദേഹം കൊതിച്ചു. ഉണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ച് വെറും കൈയോടെ ഇറങ്ങി. ഉപയോഗിച്ചിരുന്ന മാല, കുരിശ്, മോതിരം എല്ലാം തിരികെ നല്കി. നഷ്ടപ്പെടുന്നതിന്റെ വേദനയെക്കാൾ നേടാൻ പോകുന്ന ശാശ്വത സമാധാനം അദ്ദേഹം സ്വപ്നം കണ്ടു. "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന് പറഞ്ഞ യേശുനാഥനെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതംകൊണ്ടും പിൻതുടർന്ന വ്യക്തിയാണ് തിരുമേനി.

തൊഴിയൂർ സഭയിൽനിന്നും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിനായി അദ്ദേഹത്തിന് ബോധ്യപ്പെട്ട കാര്യങ്ങൾ, പുനരൈക്യപ്പെടുന്നതിനു മുമ്പ് തന്റെ അജഗണത്തിന് എഴുതിയ ഇടയലേഖനത്തിൽ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

1. നമ്മുടെ സഭയുടെ (തൊഴിയൂർ സഭ) അപ്പസ്തോലിക പിൻതുടർച്ചയിൽ ന്യൂനതയുണ്ട്.
2. പട്ടക്കാർക്ക് വ്യവസ്ഥാപിതമായ വൈദിക പരിശീലനം ലഭിച്ചിട്ടില്ല.

---




**ഏയ്ഞ്ചൽ മേരി സി.ഡി.**
സഭാതല എം.സി.വൈ.എം. പ്രസിഡന്റ്

# ജീവിതം സാക്ഷ്യമാകണം

**ഹൃദയം തുറന്ന പ്രാർത്ഥനയോളം ദൈവത്തെ കണ്ടെത്താൻ മറ്റൊരു വഴി നമുക്ക് മുൻപിൽ ഇല്ല. താരതമ്യേനെ തിരക്കിട്ട ജീവിതയാത്രയ്ക്കിടയിൽ മനുഷ്യനെപ്പോലും കാണാനോ, സംസാരിക്കാനോ, സ്വയം പങ്കുവയ്ക്കാനോ സമയം കണ്ടെത്താത്ത യുവജനങ്ങളുടെ ഇന്നത്തെ മനോഭാവമാണ് ക്രിസ്തുവിനെ അവനിൽ നിന്ന് അകറ്റുന്നത്. ഒരു യുവാവ് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതുതന്നെയാണ്. ഹൃദയത്തിന്റെ ദൈവാലയത്തിനുള്ളിൽ ഇരുന്ന് ഈ തിരിച്ചറിവ് എന്ന് അവനിലേക്ക് രൂപപ്പെടുന്നു, അന്ന് മാത്രമേ അവനിലെ ക്രിസ്തു അനുഭവത്തെ അനേകർക്ക് കൊടുക്കാനും, അവന്റെ ജീവിതം ഒരു സാക്ഷ്യമായി മാറ്റാനും കഴിയുകയുള്ളൂ.**

www.malankaralibrary.com




3. ഇപ്പോഴത്തെ പട്ടത്വത്തിലും പൗരോഹിത്യത്തിലും ന്യൂനതയുണ്ട്.
4. മറ്റ് സഭകൾ നമ്മെ നാലാംതരം ക്രിസ്ത്യാനികളായാണ് കാണുക.

ഒരു സഭയിൽനിന്ന് മറ്റൊരു സഭയിലേക്കുള്ള ഒളിച്ചോട്ടമായിരുന്നില്ല തിരുമേനിയുടെ പുനരൈക്യം. മറിച്ച്, സത്യത്തിന്റെ വഴിയിലേക്കും സാർവത്രികസഭയുടെ കൂട്ടായ്മയിലേക്കുമുള്ള കാൽവെയ്പ്പായിരുന്നു. സാർവത്രികസഭയുടെ കൂട്ടായ്മയാണ് യഥാർത്ഥ ക്രിസ്തീയജീവിതത്തിന്റെ അടിത്തറയെന്ന് മനസ്സിലാക്കി, ആ കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു.

## പുനരൈക്യ പരിശ്രമം ഡയറിക്കുറിപ്പുകളിൽ

1977 ഓഗസ്റ്റ് 28-ന് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട പീലക്സിനോസ് പിതാവ്, വർഷങ്ങൾക്കു മുമ്പുതന്നെ അതിനുള്ള ശ്രമം ആരംഭിച്ചിരുന്നു. 1974 മുതൽ തീവ്രമായി കത്തോലിക്കാസഭയെപ്പറ്റി പഠിക്കുവാനും സഭയെ അടുത്തറിയുവാനും പിതാവ് ശ്രമിച്ചു. പുസ്തകങ്ങളിലൂടെയും സുഹൃത്തുക്കളിലൂടെയും കത്തോലിക്കാസഭയെപ്പറ്റിയും, കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെപ്പറ്റിയും പഠിച്ചുകൊണ്ടിരുന്നു. അക്കാലയളവിൽത്തന്നെ പുനരൈക്യത്തിനുള്ള ശ്രമങ്ങളും തുടർന്നു. അതിന് തെളിവായുള്ള അദ്ദേഹത്തിന്റെ ചില ഡയറിക്കുറിപ്പുകൾ ശ്രദ്ധിക്കുക:

* 1974 ജൂൺ 15 : ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞയച്ച ശ്രീ. ചെറിയാൻ തരകനുമായി (റിട്ട. ഹെഡ്മാസ്റ്റർ, സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ബന്ധു) കാര്യങ്ങൾ ചർച്ച ചെയ്തു.
* 1974 ജൂൺ 22 : രാത്രി 10.30 ന് തിരുവനന്തപുരത്തുനിന്നും മാർ ഗ്രിഗോറിയോസിന്റെ ഫോൺ സന്ദേശം. 24-ാം തീയതി തിങ്കളാഴ്ച പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് കാണാമെന്നും സംസാരിക്കാമെന്നും.
* 1974 ജൂൺ 24 : പുനരൈക്യത്തെപ്പറ്റിയും ഭാവിയെപ്പറ്റിയും ബനഡിക്ട് മാർ ഗ്രിഗോറിയോസുമായി ചർച്ച.
* 1974 സെപ്റ്റംബർ 10 : മാർ ഗ്രിഗോറിയോസുമായി വീണ്ടും ചർച്ച. പോൾ ആറാമൻ മാർപ്പാപ്പയ്ക്ക്, ഈ ആവശ്യം അറിയിച്ച് അന്നുതന്നെ കത്തെഴുതി അയയ്ക്കുവാൻ തീരുമാനിച്ചു.
* 1974 സെപ്റ്റംബർ 16 : കാലത്ത് 9.30 ന് തൃശൂർ അരമനയിൽ വരുന്നുവെന്നും കണ്ട് സംസാരിക്കാമെന്നും മാർ ഗ്രിഗോറിയോസിന്റെ ഫോൺ സന്ദേശം. മാർ ഗ്രിഗോറിയോസ്, ഫാ. സിറിൽ (പിൽക്കാലത്ത് കാതോലിക്കാബാവ), ശ്രീ. ചെറിയാൻ തരകൻ എന്നിവരുമായി ചർച്ച.


1977 august sunday 21
ता. २१ अगस्त रविवार भा. श्रा. ३० सं. २०३४ (२३३-१३२)

*അഭി. പിതാവിന്റെ ഡയറിക്കുറിപ്പുകൾ*

* 1974 ഡിസംബർ 5 : വത്തിക്കാൻ സന്ദർശനത്തിന് പോയി മടങ്ങി വന്ന മാർ ഗ്രിഗോറിയോസിനോട് വത്തിക്കാനിൽ നിന്നുള്ള പ്രതികരണം ആരായുന്നു.
* 1974 ഡിസംബർ 17 : എറണാകുളത്ത് കാർഡിനൽ ഹൗസിൽവച്ച് മാർ ഗ്രിഗോറിയോസിനെ കണ്ട് ചർച്ച ചെയ്യുന്നു.
* 1975 ജനുവരി 29 : മാർ ഗ്രിഗോറിയോസിനെ സന്ദർശിക്കുന്നു.
* 1976 ഏപ്രിൽ 21 : മാർ ഗ്രിഗോറിയോസിന് വീണ്ടും കത്ത് അയയ്ക്കുന്നു.
* 1977 ഏപ്രിൽ 10 : മാർ ഗ്രിഗോറിയോസിനെ കാണാൻ സെക്രട്ടറി ജോർജച്ചനെ തിരുവനന്തപുരത്തേക്ക് അയയ്ക്കുന്നു.
* 1977 ഏപ്രിൽ 13 : ജോർജച്ചനോടൊപ്പം ആർച്ചുബിഷപ്പിനെ സന്ദർശിച്ചു. പുനരൈക്യപ്പെടുന്നതിന് നാല് മാസങ്ങൾക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ കൈക്കൊണ്ട മൂന്ന് പ്രധാന നിർദ്ദേശങ്ങൾ. 1. ആർച്ചുബിഷപ്പിന്റെ ഓക്സിലറിയായി കുറച്ചുകാലം തിരുവനന്തപുരത്ത് താമസിക്കുക. 2. ചായൽ മെത്രാൻ എന്ന് തല്ക്കാലം പദവി ആക്കുക. 3. ഭാവി കാര്യങ്ങൾ റോമിൽ നിശ്ചയിക്കും.

www.malankaralibrary.com


* 1977 ജൂൺ 2 : പാലാരിവട്ടത്ത് മാർ ഗ്രിഗോറിയോസുമായി ചർച്ച. അഡ്വ. ജോർജ് വർഗീസ് കണ്ണന്താനവും കൂടെയുണ്ടായിരുന്നു.
* 1977 ജൂൺ 9 : മാർ ഗ്രിഗോറിയോസ്, മാർ കുണ്ടുകുളം എന്നീ തിരുമേനിമാരുമായി തൃശ്ശൂർ അരമനയിൽ വച്ച് ചർച്ച.
* 1977 ജൂൺ 20 : തന്റെ പുനരൈക്യത്തെ സംബന്ധിച്ച് ആദ്യമായി ബന്ധുക്കൾക്ക് സൂചന നല്കുന്നു.
* 1977 ഓഗസ്റ്റ് 16 (പുനരൈക്യപ്പെടുന്നതിന് 12 ദിവസം മുമ്പ്) : "പുനരൈക്യപ്പെടുന്നതുമായി ബന്ധപ്പെട്ട പത്രപ്രസ്താവനയെക്കുറിച്ച് ആലോചിക്കാൻ കൂടിയ ഇടവകയോഗം ബഹളത്തെത്തുടർന്ന് പിരിച്ചുവിട്ടു. തിരുവല്ലയിൽനിന്ന് അത്താനാസിയോസ് പിതാവിന്റെ സെക്രട്ടറിയും, മുക്കോട്ടെ പുലിക്കോട്ടച്ചനും ഒരു കപ്പൂച്ചിൻ അച്ചനും കൂടി വന്നിരുന്നു. തിരുവല്ല രൂപത വികാരിജനറാൾ മോൺസിഞ്ഞോറച്ചൻ അഞ്ഞൂർ കത്തോലിക്കാപള്ളിയിലിരുന്ന് എഴുതി ഉണ്ടാക്കിയ കല്പന അച്ചടിക്കുന്നതിന് ജോർജച്ചനെ കത്തോലിക്കാ അച്ചന്മാരുടെ കൂട്ടത്തിലയച്ചു".
* 1977 ഓഗസ്റ്റ് 19 : രാവിലെ 10 മണിക്ക് തൃശൂർ അരമനയിൽ വച്ച് മാർ ഗ്രിഗോറിയോസുമായും മാർ കുണ്ടുകുളവുമായും 28-ാം തീയതിയിലെ പരിപാടികളെക്കുറിച്ച് ചർച്ച നടത്തി. കല്പനയും പ്രസ്താവനയും അച്ചടിക്കാൻ കൊടുത്തു.
* 1977 ഓഗസ്റ്റ് 20 : കല്പനയുടെ രൂപത്തിൽ അച്ചടിച്ച പ്രസ്താവന അഞ്ഞൂരും തൊഴിയൂരുമുള്ള ഓരോ വീട്ടിലുമെത്തിച്ചു.

1977 ഓഗസ്റ്റ് 21 ഞായർ (പുനരൈക്യപ്പെടുന്ന

---


## Youth talk

**ശ്രീ. കവിയൂർ ശിവപ്രസാദ്**

'Hell .. is other people' എന്ന ഒരു വാക്യം 20–ാം നൂറ്റാണ്ടിലെ പ്രഗത്ഭ ചിന്തകനും സാഹിത്യകാരനുമായ ജീൻ പോൾ സാർത്രന്റെ No Exit എന്ന നാടകത്തിൽ പറയുന്നു. മറ്റുള്ളവൻ നരകമാണെന്നാണ് ജീൻ പോൾ സാർത്രന്റെ വിവക്ഷ. നമ്മൾ ഒരു റയിൽവേ സ്റ്റേഷനിൽ ക്യൂ നില്ക്കുകയാണെന്ന് സങ്കല്പിക്കുക. തികച്ചും അപരിചിതരെങ്കിലും നല്ലവരെങ്കിലും നമ്മുടെ മുമ്പിൽ നില്ക്കുന്നവർ നമ്മുടെ ശത്രുക്കളും നമ്മുടെ പിൻപിൽ നില്ക്കുന്നവരുടെ ശത്രു നാമുമാകുന്നു. ഒരാൾ ജന്മമെടുക്കുമ്പോൾ തന്നെ എല്ലാ തിന്മകളും കൂടെ ഉണ്ടാകുന്നു. നന്മയുടെ അംശം കുറവാണ്.

അഥ കേന പ്രയുക്തോ'യം
പാപം ചരതി പുരുഷഃ
അനിച്ഛന്നപി വാർഷ്ണേയ
ബലാദിവ നിയോജിതഃ

എന്ന ഗീതാ വാക്യം പ്രസക്തമാണ്. ബലം പ്രയോഗിച്ച് അധർമ്മം ചെയ്യിക്കുന്നതുപോലെ ഒരു വ്യക്തി എന്തുകൊണ്ട് അധർമ്മം ചെയ്യുവാൻ പ്രേരിതനാകുന്നു എന്ന ചോദ്യം പ്രസക്തമാണ്. ജന്മസിദ്ധമായ ഇത്തരം വാസനകളെ മാറ്റി പരസ്പര സ്നേഹമാണ് വേണ്ടത്. അത് നാം ആർജ്ജിച്ചെടുക്കേണ്ട നന്മയാണ്. അതിനുവേണ്ടിയുള്ള ശിക്ഷണമാണ് ബാല്യകൗമാര കാലഘട്ടങ്ങളിൽ നമുക്ക് ഉണ്ടാവേണ്ടത്. അത് സമൂഹത്തിന്റെ നിലനില്പിനുതന്നെ അനിവാര്യമാണ്. ആ നന്മയുടെ മൂല്യങ്ങളാണ് മതബോധനം. യുവാക്കൾക്ക് നേർവഴി കാട്ടിക്കൊടുക്കേണ്ടവരാണ് മുതിർന്നവർ. അവർ യുവാക്കളെ നേർവഴിയിലൂടെ നയിക്കാൻ പ്രാപ്തരാക്കണം. യുവാക്കൾക്ക് സമൂഹനിർമ്മിതിയിൽ അനിഷേധ്യമായ പങ്കുണ്ട്. അത് സാഹസികതയും അപക്വതയും നിറഞ്ഞ നിലപാടുകൾ ആവരുത് എന്നു മാത്രം. കാറൽ മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതുമ്പോൾ അദ്ദേഹത്തിന് മുപ്പതു വയസ്സേ ഉണ്ടായിരുന്നുള്ളൂ. ക്രിസ്തുദേവൻ തന്റെ മഹത്തായ ദർശനങ്ങൾ പ്രബോധിപ്പിക്കുമ്പോൾ അദ്ദേഹത്തിന് മുപ്പതു വയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളൂ. യുവാക്കൾ സമൂഹനിർമ്മിതിയിൽ പക്വമായ നിലപാടുകൾ സ്വീകരിക്കുകയാണെങ്കിൽ ആ ഉദ്യമം സഫലമാകും എന്നു കരുതാം.



www.malankaralibrary.com





*വിശ്വാസ പ്രഖ്യാപനം*

തിന് മുമ്പുള്ള ഞായർ) : വിതക്കാരൻ കണ്ണ്യാരച്ചൻ കുർബാന ചൊല്ലി, കുർബാനമധ്യേ പ്രസംഗിച്ചു. സെബദി മക്കളായ യാക്കോബും യോഹന്നാനും കർത്താവിന്റെ ഇടതും വലതും ഇരിക്കുന്നതിന് അനുവാദം ചോദിച്ച ഭാഗമായിരുന്നു പ്രസംഗ വിഷയം. കുറെപ്പേർ മറുപക്ഷം ചേർന്ന് എന്നെപ്പറ്റി പാട്ടുണ്ടാക്കി പാടുകയായിരുന്നു. കുന്നത്തെ പള്ളിയിൽ കുർബാന കഴിഞ്ഞ് ജോർജച്ചൻ പ്രസ്താവന വിതരണം ചെയ്തു. പിന്നീട് ചാലിശ്ശേരി, പോർക്കുളം, കല്ലുംപുറം എന്നിവിടങ്ങളിൽ കാറിൽ പോയി വിതരണം ചെയ്തു. പഴഞ്ഞിയിലേക്ക് ദേവസിക്കുട്ടിമാസ്റ്ററും കുഞ്ചാക്കോയും കൂടെ പോയിരുന്നു. പക്ഷേ, അനിഷ്ടസംഭവങ്ങളൊന്നും ഇല്ലാതെ മടങ്ങിയെത്തി.

* 1977 ഓഗസ്റ്റ് 26 വെള്ളി : സഭാട്രസ്റ്റി സി.റ്റി. മാത്യുവിനെയും, ഫാ. വി.വി. ജോസഫിനെയും തന്റെ കൈവശം ഉണ്ടായിരുന്ന ബാലൻസ് പണവും, കുരിശ്, വടി മുതലായ ഉപയോഗിച്ച സാധനങ്ങളും തിരുവസ്ത്രങ്ങളും തിരികെ ഏല്പിച്ചു.

* 1977 ഓഗസ്റ്റ് 27 ശനി : (പുനരൈക്യത്തിന് തലേദിവസം) കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു. ഫാ.വി.വി. ജോസഫും ഫാ. വി. കെ. ജോർജും സന്നിഹിതരായിരുന്നു. മാർ കൂറിലോസ് ഒന്നാമന്റെയും മറ്റ് മെത്രാന്മാരുടെയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. തുടർന്ന്, താൻ സ്ഥാപിച്ച ആശുപത്രി സാധാരണപോലെ സന്ദർശിച്ചു. താൻ ഉപയോഗിച്ച മോതിരവും മാലയും ട്രസ്റ്റിമാരെ തിരികെ ഏല്പിച്ച്, തടികൊണ്ടുള്ള ഒരു കുരിശ് ഉപയോഗിക്കുന്നു.

* 1977 ഓഗസ്റ്റ് 28 ഞായർ (പുനരൈക്യദിനം) : കാലത്ത് 8 മണിയോടുകൂടി കുളിയും കാപ്പികുടിയും കഴിഞ്ഞ് കാത്തിരുന്നു. പള്ളിയകത്ത് പോയി പ്രാർത്ഥിച്ചു. ആളുകൾ കുറെയൊക്കെ വന്ന് ചേർന്നുകൊണ്ടിരുന്നു. സർക്കിൾ ഇൻസ്പെക്ടർ വന്ന് കുശലം അന്വേഷിച്ച് താഴോട്ട് പോയി. കൃത്യം 8.30 ന് തൃശ്ശൂർ ബിഷപ്പ് കുണ്ടുകുളം അയച്ച മൂന്ന് കാർ എത്തിച്ചേർന്നു. തൃശ്ശൂർ ലൂർദ് കത്തീഡ്രൽ വികാരിയും സെന്റ് തോമസ് കോളേജ് പ്രിൻസിപ്പലുമായ ഫാ. നിക്കോളാവൂസ് അന്തിക്കാടും, കത്തീഡ്രൽ ട്രസ്റ്റിമാരും എത്തി. ഞാൻ താഴോട്ട് ഇറങ്ങി വരാന്ത കഴിഞ്ഞ് ചവിട്ടുകല്ലിന്മേൽ എത്തിയപ്പോൾ അവർ വന്ന് കൈ മുത്തി സ്വീകരിച്ചു. അങ്ങനെ അവരോടുകൂടെ ഗേറ്റ് വരെ നടന്നു. പിന്നെ കാറിൽ കയറി. അഞ്ഞൂർ കത്തോലിക്കാപള്ളി വികാരിയും ജനങ്ങളും, റോഡിൽ രണ്ട് വരിയായി നിന്നിരുന്നു. അവരോടുകൂടി അഞ്ഞൂർ കത്തോലിക്കാപള്ളിയിൽ എത്തി പ്രാർത്ഥന നടത്തി. തിരുവല്ല രൂപത വികാരിജനറാൾ മോൺസിഞ്ഞോറച്ചനും സ്വീകരിക്കാൻ എത്തിയിരുന്നു. തുടർന്ന് നേരെ തൃശ്ശൂർക്ക് പോയി. ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസും, തിരുവല്ല ബിഷപ്പ് മാർ അത്തനാസിയോസും, കുണ്ടുകുളം ബിഷപ്പും, ബിഷപ്പ് ചീനാത്തും ഉണ്ടായിരുന്നു. അവരുടെ സാന്നിധ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി. 5 മണിയോടുകൂടി കോട്ടയത്തേയ്ക്ക് തിരിച്ചു. കോതമംഗലം അരമനയിൽ കയറി സുഖമില്ലാതിരുന്ന ബിഷപ്പിനെ സന്ദർശിച്ചു. രാത്രി 9 മണിയോടുകൂടി കോട്ടയത്ത് ബഥനി ആശ്രമത്തിൽ എത്തിച്ചേർന്നു.

www.malankaralibrary.com



### ഈ തിരുമേനിക്ക് ഇതിന്റെ വല്ല ആവശ്യവുമുണ്ടായിരുന്നോ?

പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തെപ്പറ്റി ഈ ചോദ്യം ചോദിക്കുന്നവർ അന്നും ഇന്നും ഉണ്ടാകാം. അധികാരത്തിലും സ്ഥാനത്തിലും സമ്പത്തിലും തൂങ്ങിപ്പിടിച്ച് കിടക്കുവാനാഗ്രഹിക്കുന്നവർക്ക് ഭോഷത്തമായി തോന്നാം പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം. എല്ലാം ഇട്ടെറിഞ്ഞ് പോകാനുള്ള തിരുമേനിയുടെ തീരുമാനം ശരിയായിരുന്നോ എന്നും, പോയതുകൊണ്ട് പിന്നീടെന്തെങ്കിലും പ്രയോജനം ഉണ്ടായോ എന്നും ചിന്തിക്കുന്നവരുണ്ടാകാം. എല്ലാം വാരിക്കൂട്ടാനാഗ്രഹിക്കുന്നവരുടെ നടുവിൽ ഒന്നും വേണ്ട എന്ന് തീരുമാനിക്കാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. താൻ ഉൾക്കൊണ്ടിരുന്ന തൊഴിയൂർ സഭയുടെ ന്യൂനതകളും കുറവുകളും ചൂണ്ടിക്കാണിക്കാൻ ധൈര്യം കാട്ടിയ ക്രാന്തദർശിയായ അദ്ദേഹം, തെറ്റെന്ന് ബോധ്യപ്പെട്ടതിനെ ശരിയെന്ന് പറഞ്ഞ് ജീവിക്കാൻ തന്നെ കിട്ടില്ലായെന്ന് ശഠിച്ചു. നേരിടേണ്ടി വരുന്ന ഭീഷണികൾ, പരിഹാസങ്ങൾ, വെല്ലുവിളികൾ, നഷ്ടങ്ങൾ എന്നിവ, തന്റെ ഉറച്ച തീരുമാനത്തിന്റെ മുമ്പിൽ വിലങ്ങുതടികളല്ല എന്ന് അദ്ദേഹം കരുതി. കൂരിരുട്ടിനിടയിൽ രജതരേഖകൾ തെളിയിച്ച് ജീവിതകാലമൊക്കെയും അദ്ദേഹം ജീവിച്ചു. എളിയ ജീവിതം, ശാന്തമായ പ്രകൃതം, സൗമ്യമായ പെരുമാറ്റം, അപരനോടുള്ള കരുതൽ, പുനരൈക്യപ്രസ്ഥാനത്തോടുള്ള സ്നേഹം, ഉറച്ച പ്രാർത്ഥനാജീവിതം എന്നീ ജീവിതസുകൃതങ്ങളായിരുന്നു ആ മഹത്തായ ജീവിതവിജയത്തിന്റെ കാരണം.

അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ധന്യമായ ജീവിതത്തെ വിലയിരുത്തുമ്പോൾ, എന്നെ ഏറെ സ്പർശിച്ച 6 പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

---

Youth talk

## യുവത്വം പ്രതിസന്ധികളിലൂടെ

**റോസ്മേരി ജോർജ് അയിനിക്കൽ**
അതിരൂപത എം.സി.എം.എഫ്. പ്രസിഡന്റ്



**ജീവിതത്തിലെ ഏറ്റവും ഊർജ്ജസ്വലതയുള്ള കാലമാണല്ലോ യൗവ്വനകാലം. ചോരത്തിളപ്പിന്റെ ഈ കാലഘട്ടത്തിൽ തങ്ങളുടെ ആദർശങ്ങൾക്കുവേണ്ടി പോരാടാൻ അവർ തയ്യാറാകുന്നു. ഈ കാലഘട്ടത്തിനകം നല്ലതായ ലക്ഷ്യങ്ങളും ഉത്തമമായ ആദർശങ്ങളും ഇവരിൽ രൂപപ്പെടുത്താനായാൽ അവരെക്കുറിച്ച് ഒട്ടുംതന്നെ ദുഃഖിക്കേണ്ടി വരുകയില്ല. അവരിൽ ജന്മനാ നിക്ഷിപ്തമായ അറിവുകൾക്കു പുറമേ മാതാപിതാക്കൾ, കൂട്ടുകാർ, ബന്ധുക്കൾ, ചുറ്റുപാടുകൾ ഇവയെല്ലാം അവരുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. മാനവികതയ്ക്ക് പ്രാധാന്യം നല്കാത്ത വിദ്യാഭ്യാസനയങ്ങളും സമൂഹബന്ധങ്ങളിലെ ഊഷ്മളതയെയും ധാർമികതയെയും വ്യക്തിബന്ധങ്ങളിലെ പാവനതയെയും ഇല്ലാതാക്കി. ഗുരുശിഷ്യബന്ധങ്ങളും മാതാപിതാക്കൾ–മക്കൾ ബന്ധങ്ങളും എല്ലാം പ്രസക്തി നഷ്ടപ്പെട്ടവയായി മാറി. ഈ സന്ദർഭത്തിൽ വിവിധ രൂപത്തിലുള്ള ലഹരിവസ്തുക്കളുടെ ലഭ്യതയും തലച്ചോറിനെ മന്ദീഭവിപ്പിച്ച് തലമുറകളെ തകർത്തു കളയുന്ന ഭാവിസമൂഹത്തെ നിർവീര്യമാക്കുന്ന സാഹചര്യങ്ങൾക്ക് വഴി ഒരുക്കുകയും ആക്കം കൂട്ടുകയും ചെയ്തു. ജാഗ്രതയോടെ നാം ഇടപെട്ടില്ലെങ്കിൽ യുവജനങ്ങൾ മാത്രമല്ല ശൈശവങ്ങളും ബാല്യങ്ങളും കൗമാരങ്ങളും എല്ലാം കൈപിടിയിൽ നിന്നും വഴുതി അഗാധഗർത്തങ്ങളിലേക്ക് നിപതിക്കും. ഇവിടെ സർക്കാരും സമൂഹവും അദ്ധ്യാപകരും മാതാപിതാക്കളും മതവും മാദ്ധ്യമങ്ങളും തങ്ങളുടെ റോൾ ഉത്തരവാദിത്വബോധത്തോടെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. ആദർശധീരരും ത്യാഗസന്നദ്ധതയുള്ളതുമായ നേതൃത്വങ്ങൾ വീണ്ടും ഉയർന്നു വരേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമുക്ക് തലമുറകളെ രക്ഷിക്കാനാവൂ.**

www.malankaralibrary.com





*വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പായോടൊപ്പം*

**1. തുറന്ന പുസ്തകം പോലെ ഒരു ജീവിതം.**

ആ ജീവിതത്തിൽ മറച്ചു വയ്ക്കാൻ ഒന്നും ഇല്ലായിരുന്നു. ആർക്കും എളുപ്പം മനസ്സിലാക്കാവുന്ന എളിയ മനുഷ്യൻ, ആത്മപ്രശംസയില്ല, പൊങ്ങച്ചമില്ല. ഇത് പറയുവാൻ എന്നെ പ്രേരിപ്പിച്ച പ്രധാന ഘടകം അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളാണ്. പുനരൈക്യപ്പെടുന്നതിന് നാല് വർഷം മുമ്പുള്ള ഡയറി മുതൽ, മരണംവരെയുള്ള ഡയറിക്കുറിപ്പുകളിലൂടെ കടന്നുപോകുവാൻ എനിക്ക് ഭാഗ്യമുണ്ടായി. ജീവിതത്തിലെ സുഖങ്ങളും സന്തോഷങ്ങളും സ്വകാര്യദുഃഖങ്ങളുമെല്ലാം ഡയറിയിൽ രേഖപ്പെടുത്തിയിരുന്നു.

**2. പ്രശ്നങ്ങളെയും വെല്ലുവിളികളെയും സംയമനത്തോടെ നേരിട്ടു.**

പുനരൈക്യവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളും, അതേച്ചൊല്ലിയുള്ള വിവിധ തർക്കങ്ങളും അദ്ദേഹം നേരിട്ടതായി ഡയറിക്കുറിപ്പുകളിൽ കാണാം. മങ്ങാട് സ്കൂൾ വാങ്ങലും, അത് നടത്തിക്കൊണ്ട് പോകലും, അതിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സങ്ങളും, നേരിട്ട സാമ്പത്തിക ബുദ്ധിമുട്ടുകളുമെല്ലാം അദ്ദേഹം എഴുതി വച്ചിരുന്നു. അത്തരം പ്രയാസങ്ങളെയെല്ലാം അദ്ദേഹം സംയമനത്തോടെ നേരിടുകയും ചെയ്തു.

**3. അഗതികളോടും രോഗികളോടുമുള്ള കരുതൽ.**


രോഗികളായി കിടക്കുന്നവരെ സന്ദർശിക്കുക, ആശ്വസിപ്പിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നിവയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുപോലെ, മരണവീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുവാനും താല്പര്യമെടുത്തിരുന്നു.

**4. സുറിയാനിഭാഷ, ആരാധന, തിരുക്കർമ്മങ്ങൾ എന്നിവയിലുള്ള തീക്ഷ്ണത:**

സുറിയാനിഭാഷയോടുള്ള അനന്യമായ മമതയും, അന്ത്യോക്യൻ ആരാധനക്രമത്തോടുള്ള ഹൃദയപൂർവ്വമായ അടുപ്പവും ജീവിതത്തിലുടനീളം അദ്ദേഹം കാത്തുസൂക്ഷിച്ചു. സുറിയാനിഭാഷയുടെ അനായാസമായ ഉപയോഗവും, ആരാധനാവിധികളെക്കുറിച്ചുള്ള അഗാധമായ അറിവും, അത് നിർവഹിക്കുന്നതിലുള്ള നിഷ്ഠയും അനേകർക്ക് പ്രചോദനമായിരുന്നു. പ്രസംഗങ്ങൾക്കിടയിൽ സുറിയാനി ഗീതങ്ങൾ ആലപിക്കുന്നതിനും അതിന്റെ അർത്ഥം പറഞ്ഞുകൊടുക്കുന്നതിനും അദ്ദേഹത്തിന് വലിയ ഉത്സാഹമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവിധ തിരുക്കർമ്മങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കിയിരുന്നു. പ്രത്യേകിച്ച് മറ്റ് മെത്രാന്മാർ ആരും ഇല്ലാതിരുന്ന അവസരത്തിൽ, കാലം ചെയ്ത സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കബറടക്കം (1977 സെപ്റ്റംബർ 28) അദ്ദേഹം നടത്തിയത് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട് ഒരുമാസം കഴിഞ്ഞപ്പോഴാണ്. അനേകം വൈദികരുടെയും സന്യസ്തരുടെയും മൃതസംസ്കാര ശുശ്രൂഷകൾക്കും, നിരവധി വിവാ

www.malankaralibrary.com





പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ സുറിയാനിഭാഷയിലുള്ള കൈപ്പട

ഹകർമ്മങ്ങൾക്കും മറ്റ് തിരുക്കർമ്മങ്ങൾക്കും തിരുമേനി കാർമ്മികത്വം വഹിച്ചു.

**5. സഹനത്തെയും രോഗത്തെയും ശാന്തമായി നേരിട്ടു.**

രോഗവും സഹനവും കൂടപ്പിറപ്പായിരുന്നിട്ടും, ഒത്തിരിയേറെ വേദനകൾ സഹിക്കേണ്ടി വന്നിട്ടും, പിറുപിറുപ്പില്ലാതെ ശാന്തതയോടെ അവയെ നേരിട്ടു. പുനരൈക്യം മുതൽ മരണം വരെയുള്ള (1977-1998) 21 വർഷക്കാലം ഏതാണ്ട് 2000 ലധികം ദിവസങ്ങൾ രോഗിയായി അദ്ദേഹം പുഷ്പഗിരിയിൽ ചെലവഴിച്ചിട്ടുണ്ട് എന്നതാണ് കണക്ക്. രോഗത്തോടും സഹനത്തോടുമുള്ള അദ്ദേഹത്തിന്റെ പോസിറ്റീവായുള്ള മനോഭാവം ഏറെ പ്രസ്താവ്യമാണ്. സഹനത്തെ രക്ഷാകരമായി കാണുകയും അതിന്റെ മൂല്യം ബോധ്യപ്പെടുകയും ചെയ്ത അദ്ദേഹം സ്വന്തം സഹനങ്ങളെ തന്റെ നാഥന്റെ സഹനത്തോട് ചേർത്തുവച്ചു.

**6. കലാഹൃദയവും സാഹിത്യാഭിരുചിയുമുള്ള വ്യക്തിത്വം.**

കവിതകൾ രചിക്കുക, ആലപിക്കുക എന്നത് അദ്ദേഹത്തിന് വലിയ താല്പര്യമായിരുന്നു. ആനുകാലിക പ്രസക്തമായ നിരവധി കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. തന്റെ 24 കവിതകൾ ഒന്നിച്ച് ചേർത്ത് "കുഞ്ഞുപൂക്കൾ' എന്ന പേരിൽ ഒരു കവിതാസമാഹാരം അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. കുഞ്ഞുങ്ങളുടെ കലാവാസന വളർത്തുക, അവരുടെ കലാപരിപാടികൾ ആസ്വദിക്കുക എന്നതിനോടൊപ്പം, തന്റെ സ്കൂളിൽ അദ്ദേഹം അതിനു വേണ്ടുന്ന സൗകര്യങ്ങളും ഒരുക്കിയിരുന്നു.

**ഉപസംഹാരം**

പുനരൈക്യത്തിനുശേഷമുള്ള 21 വർഷക്കാലം പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അവിഭാജ്യ ഘടകമായി നിന്ന് സഭയെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വളർത്തുകയും ചെയ്തു. മാത്രമല്ല, തന്റെ പ്രവർത്തനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ജീവിതത്തിലൂടെയും പുനരൈക്യ പ്രസ്ഥാനത്തിന് കൂടുതൽ ഓജസ്സും തേജസ്സും നല്കി. മലങ്കര മക്കളുടെ മനസ്സിൽ മാഞ്ഞുപോകാത്ത ഒരു ജ്യോതിർഗോളം പോലെ അദ്ദേഹം ഇന്നും വിളങ്ങുന്നു. ആ ധന്യാത്മാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. അദ്ദേഹത്തിന്റെ മധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

കവിത

## ആയിരമായിരം സ്നേഹാശംസകൾ!

*(തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തോടനുബന്ധിച്ച് 1997 ൽ അദ്ദേഹത്തെ അനുമോദിച്ച് പീലക്സിനോസ് പിതാവ് രചിച്ച കവിത.)*

തിരുവല്ലായുടെ സഹമെത്രാനായി
തിരുസിംഹാസനം നിയമിച്ച
ഇടയപണ്ഡിത വത്സലതാതാ
വരിക സമാധാനത്താലേ.
തിരുവല്ലായിലെ മക്കളോടൊപ്പം
അഖിലമലങ്കര ദൈവജനം.
സന്തോഷത്തോടാഘോഷത്താൽ
സ്വാഗതമങ്ങേക്കോതുന്നു.
സീനായ്മലയിലിറങ്ങി വസിച്ചി-
ട്ടതിനു വിശുദ്ധി വരുത്തിയവൻ
അങ്ങയിൽ വന്നു വസിച്ചിട്ടെന്നും
അങ്ങയെ പാവനനാക്കട്ടെ.
മാളികമുറിയിൽ തീനാവുസമം
ശ്ലീഹരിൽ ആവാസം ചെയ്തി-
ട്ടവരെ ജ്ഞാനികളാക്കിത്തീർത്ത
പരിശുദ്ധാത്മാവാം ദൈവം
അങ്ങേ ശിരസിൽ നിപതിച്ചുംകൊ-
ണ്ടങ്ങയെ ജ്ഞാനിയുമാക്കട്ടെ.
ആടുകൾക്കായി ജീവൻവച്ച നല്ലിടയന്നുടെ മാതൃകയിൽ
അങ്ങേയാട്ടിൻകൂട്ടത്തിന്നായങ്ങും സേവനമർപ്പിപ്പാൻ
നല്ലാരോഗ്യവും ദീർഘായുസ്സും നല്ലിടയൻ നൽകീടട്ടെ.
ആയിരമായിരം സ്നേഹാശംസകളങ്ങേക്കർപ്പിച്ചീടുന്നു.

www.malankaralibrary.com






# എന്റെ ലിസ്ബൺ അനുഭവങ്ങൾ

ജർമനിയിലെ കൊളോൺ രൂപതയിലൂടെയായിരുന്നു ഞങ്ങൾ 7 പേരടങ്ങുന്ന മലങ്കര ടീമിന്റെ യാത്ര. ഞങ്ങളുടെ എം.സി.വൈ.എം ഡയറക്ടർ ജോസഫ് ചേലംപറമ്പത്ത് അച്ചന്റെ നേതൃത്വത്തിൽ ഞങ്ങൾ ജൂലൈ 28–ാം തീയതി കൊളോൺ നിന്നും യാത്രതിരിച്ചു.

ലോകയുവജനസംഗമത്തിൽ പങ്കെടുക്കുന്നതിനോടൊപ്പം തന്നെ ഒരു തീർത്ഥാടനയാത്ര കൂടിയായിരുന്നു ഞങ്ങളുടേത്. മുൻകൂട്ടി നിശ്ചയിച്ച പോലെ തന്നെ 28–ാം തീയതി കൃത്യം 6 മണിക്ക് തന്നെ യാത്ര ആരംഭിച്ചു. ഞങ്ങളുടെ ആദ്യതീർത്ഥാടന സ്ഥലമായ ലൂർദിൽ (Lourdes, France) ഞങ്ങൾ ശനിയാഴ്ച എത്തിച്ചേർന്നു. ഞങ്ങൾ അവിടുത്തെ രാത്രി ആരാധനയിൽ പങ്കെടുത്തു. വളരെയേറെ പുതുമനിറഞ്ഞ ഒരു അനുഭവം ആയിരുന്നു. ജപമാലപ്രാർത്ഥന ഓരോ രഹസ്യം ഓരോ ഭാഷയിലാണ് ചൊല്ലിയിരുന്നത്. അവിടെ മലയാളത്തിലും ജപമാല ചൊല്ലിയത് ഞങ്ങളിൽ കൗതുകം ഉണർത്തി.

നിരവധി ഗ്രൂപ്പുകൾ ഒരുമിച്ചു ഒരു വലിയ ഹാളിൽ ആയിരുന്നു ഞങ്ങൾക്ക് കിടക്കാൻ സ്ഥലം ലഭിച്ചത്. ഞങ്ങൾ കഥകൾ ഒക്കെപറഞ്ഞ് ഉറങ്ങിയപ്പോൾ ഏറെ വൈകിയിരുന്നു. ഞായറാഴ്ചത്തെ ലോകയുവജനസംഗമത്തിൽ വന്നവർക്ക് വേണ്ടിയുള്ള പ്രത്യേക കുർബാനയിലും അതിനുശേഷം കുരിശിന്റെ വഴിയും നടത്തി ഏകദേശം വൈകുന്നേരത്തോടെ ലൂർദിൽ നിന്നും ഞങ്ങളുടെ അടുത്ത തീർത്ഥാടന സ്ഥലമായ ഫാത്തിമയിലേക്ക് തിരിച്ചു.

ആ യാത്ര വളരെ ദുർഘടം നിറഞ്ഞതായിരുന്നു. ഒരുവേള ഞങ്ങൾക്ക് ലോകയുവജനസംഗമത്തിൽസംബന്ധിക്കാൻ സാധിക്കുമോ എന്നുപോലും ഭയപ്പെട്ടു. ഞങ്ങൾ യാത്രചെയ്തിരുന്ന ബസ് തകരാറിൽ ആകുകയും മണിക്കൂറുകളോളം ഭക്ഷണം ഇല്ലാത്ത ഒരുഅവസ്ഥവരെ എത്തിയെങ്കിലും പ്രതിസന്ധികൾ എല്ലാം നീങ്ങി ഞങ്ങൾ വീണ്ടും യാത്ര പുനരാരംഭിച്ചു. നിശ്ചയിച്ചിരുന്നതിലും 12 മണിക്കൂറോളം വൈകിയാണ് ഞങ്ങൾ ഫാത്തിമയിലെത്തിയത്. ഞങ്ങളുടെ കൂടെയുള്ളവർ എല്ലാം വളരെ ക്ഷീണിതരായിരുന്നു



ജെറിൻ ജോസഫ്
ചുങ്കപ്പാറ

www.malankaralibrary.com



എങ്കിലും ഫാത്തിമയിൽ എത്തിയപ്പോൾ ഞങ്ങളുടെ താമസസ്ഥലത്തെ ബ്രസീലിയൻ സിസ്റ്റേഴ്സ് ഞങ്ങളെ പാട്ടുകളും നൃത്തവുമായി എതിരേറ്റത് ഞങ്ങളുടെ ക്ഷീണത്തിന് ആശ്വാസം നൽകി.. പിറ്റേന്ന് രാവിലെ മുതലുള്ള കുറച്ച് മണിക്കൂറുകൾ എനിക്ക് ജീവിതത്തിൽ മറക്കാൻ സാധിക്കുമോ എന്നറിയില്ല. ഫാത്തിമയിലെ പള്ളിയും പരിസരവും പരിശുദ്ധ മാതാവും നൽകിയ പോസിറ്റീവ് എനർജി വാക്കുകൾ കൊണ്ട് വിവരിക്കാവുന്നതിലും അതീതമാണ്. മാതാവിന്റെ ഒരു സാന്നിധ്യം എനിക്ക് ആദ്യമായി അനുഭവപ്പെട്ടത് ഫാത്തിമയിലാണ്.

അവിടുന്ന് ഞങ്ങൾ രാവിലെതന്നെ ലോകയുവജന സംഗമം നടക്കുന്ന ലിസ്ബണിലേക്ക് യാത്രതിരിച്ചു. ലിസ്ബണിൽ ഞങ്ങളെ വരവേൽക്കാൻ കൊളോൺ



ലോകയുവജനസംഗമത്തിൽ ലൂർദിലെ പ്രത്യേക കുർബാനയിൽ പങ്കെടുത്ത ആളുകൾ



രൂപതയുടെ മെത്രാൻ നേരത്തെ എത്തിയിരുന്നു. ലിസ്ബണിൽ മെത്രാന്റെ നേതൃത്വത്തിലുള്ള കുർബാനയ്ക്ക് ശേഷം ഞങ്ങൾക്ക് പള്ളിയുടെ അടുത്തുള്ള ഒരു ഭക്ഷണശാലയിൽ പിതാവ് ഭക്ഷണം ഒരുക്കിയിരുന്നു. ഭക്ഷണത്തിനുശേഷം ഞങ്ങൾ പതിയെ താമസസ്ഥലത്തേക്ക് നടക്കുവാൻ തുടങ്ങി. ഏകദേശം ഒരു മണിക്കൂർ നടപ്പിനൊടുവിൽ ഒരു വലിയ സ്പോർട്സ് ഹാളിൽ നിരവധി ഗ്രൂപ്പുകൾ ഒരുമിച്ച് ഉറങ്ങുന്ന ഒരുവലിയ സ്കൂളിലെ താമസസ്ഥലത്തേക്ക് ഞങ്ങൾ എത്തിച്ചേർന്നു. ഗ്രൂപ്പ് അംഗങ്ങളിൽ ചിലർക്ക്, ഇത് ആദ്യ അനുഭവം, ഞെട്ടലിൽനിന്ന് മാറി, ഞങ്ങൾ ഉറങ്ങാൻ തയ്യാറായി. പ്രതിസന്ധികൾ ഒന്നൊന്നായി ഞങ്ങളെ വേട്ടയാടിക്കൊണ്ടേയിരുന്നു. ഞങ്ങളുടെ MCYM ഡയറക്ടർ അച്ചന് ഭക്ഷണത്തിനുശേഷം താമസസ്ഥലത്തേയ്ക്കുള്ള നടത്തത്തിൽ വീണുപരിക്ക് പറ്റിയത്, നിശ്ചയിച്ച് ഉറപ്പിച്ചിരുന്ന താമസസ്ഥലം കിട്ടാതെ വന്നതും അങ്ങനെ പല പ്രതിസന്ധികളും. ഞങ്ങൾ അതിൽ ഒന്നും തളരാൻ തയ്യാറായിരുന്നില്ല. അടുത്തദിവസം, യുവജനവാരം ആരംഭിക്കാൻ തയ്യാറായി, നവോന്മേഷത്തോടെ രാവിലെ എഴുന്നേറ്റു. രാവിലെയും ഉച്ചയ്ക്കും ഞങ്ങൾ നഗരമധ്യത്തിലും പഴയപട്ടണത്തിലും ചുറ്റിനടന്നു. നഗരത്തിലെ കത്തീഡ്രലും അന്തോണിയോസ് പുണ്യാളന്റെ ജന്മസ്ഥലമായ സാൻ അന്റോണിയോ പള്ളിയും ഞങ്ങൾ സന്ദർശിച്ചു. തീർച്ചയായും, യുവജനവാരാചരണത്തിന് വന്ന മറ്റ് ഗ്രൂപ്പുകളെയും ഞ

www.malankaralibrary.com





മാർപ്പാപ്പയെ സ്വാഗതം ചെയ്യുന്ന ചടങ്ങിൽ പങ്കെടുത്തവർ

ങ്ങൾ കണ്ടുമുട്ടി.

ഞങ്ങൾ ആദ്യദിവസത്തെ ഫ്രാൻസിസ് മാർപ്പാപ്പയുടെ സ്വാഗതച്ചടങ്ങ് ഉൾപ്പടെ നിരവധി പരിപാടികളിൽ പങ്കെടുത്തു. ഫ്രാൻസിസ് മാർപ്പാപ്പയെ വളരെ അടുത്ത് കാണാൻ സാധിച്ചത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. WYD ആഴ്ചയിലുടനീളം ഞങ്ങൾ തീർത്ഥാടകർ നഗരത്തിലെ WYD ഉത്സവപരിപാടികളിൽ സംബന്ധിക്കുകയും ചെയ്തു. ശനി, ഞായർ ദിവസങ്ങളിൽ എല്ലാ തീർത്ഥാടകരും ഫ്രാൻസിസ് മാർപ്പാപ്പയ്ക്കൊപ്പം വിജിലിൽ പങ്കെടുത്തു, രാത്രി ആരാധന ആഘോഷത്തിനായി ലിസ്ബണിൽ തടിച്ചുകൂടിയ യുവജനങ്ങളെ അഭിസംബോധന ചെയ്ത ഫ്രാൻസിസ് മാർപ്പാപ്പ പരിശുദ്ധ കന്യകാമറിയത്തെ സന്തോഷത്തിന്റെ മിഷനറിയായി ചിത്രീകരിക്കുകയും ദൈവത്തെയും നമ്മുടെ അയൽക്കാരെയും സ്നേഹിക്കാൻ നമ്മുടെ ഹൃദയങ്ങളെ പരിശീലിപ്പിക്കാൻ ക്രിസ്ത്യാനികളെ ക്ഷണിക്കുകയും ചെയ്തു.

യുവജനങ്ങളുമായുള്ള കൂടിക്കാഴ്ചയിൽ മാർപ്പാപ്പ വളരെ വ്യക്തമായ ഒരു സന്ദേശം നൽകി. "പ്രിയപ്പെട്ടയുവജനങ്ങളേ, നിങ്ങളുടെ ഓരോരുത്തരുടെയും കണ്ണുകളിലേക്ക് നോക്കി നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു: "ഭയപ്പെടേണ്ട," അദ്ദേഹം പറഞ്ഞു.

*(ശേഷം പേജ് 28)*

# Youth talk

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**
കെ.സി.ബി.സി. മീഡിയ കമ്മീഷൻ



**യുവാക്കൾ വളരെ സജീവമായി സമൂഹത്തിൽ ഇടപെടുന്നതിനും പ്രവർത്തിക്കുന്നതിനും ഒരു അളവുകോൽ ആവശ്യമാണ്. അത് യുവാവായ ക്രിസ്തു നൽകുന്ന മാതൃക ആണ്. ക്രൈസ്തവ ആത്മീയതയ്ക്ക് പകരം നിൽക്കാൻ ഒരു പ്രത്യയ ശാസ്ത്രത്തിനും മതശീലങ്ങൾക്കും ആവില്ല. അത്രയേറെ വിശാലവും മനുഷ്യത്വപരവുമായി ഈ ലോകത്ത് ജീവിക്കാനും മറ്റുള്ളവരെ ജീവിക്കാൻ പ്രേരിപ്പിക്കാനും ക്രിസ്തുമാർഗ്ഗത്തിന് കരുത്തുണ്ട്. മികച്ച വായനയും ചിന്തയും പൊതുപ്രവർത്തനവും നമ്മുടെ നാടിന്റെയും കുടുംബങ്ങളുടെയും നിർമ്മിതിയും യുവജന ആത്മീയതയുടെ ഭാഗമാണ്.**

www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com


(25-ാം പേജ് തുടർച്ച)



**കൊളോൺ ബിഷപ്പും ട്രിപ്പ് കോർഡിനേറ്റർമാരുടേയും ഒപ്പം ഞങ്ങളുടെ ജർമ്മനി മലങ്കര ടീം**

ലോകയുവജനദിനത്തോടനുബന്ധിച്ച് പോർച്ചുഗലിലെ ലിസ്ബണിലേക്കുള്ള തന്റെ ഏറെ പ്രതീക്ഷയോടെയുള്ള യാത്രയിൽ, യുവാക്കളെയും മുതിർന്നവരെയും ഭയമില്ലാതെ മുന്നോട്ട് പോകാനും സഭയിലും ലോകത്തും തങ്ങളുടെ മാറ്റാനാകാത്ത പങ്ക് പിന്തുടരാനും ഫ്രാൻസിസ് മാർപ്പാപ്പ പ്രോത്സാഹിപ്പിച്ചു.

**സംഗ്രഹം**

സൗഹൃദങ്ങളുടെ വില മനസ്സിലാക്കിത്തന്ന നല്ല കുറച്ചുദിവസങ്ങളായിരുന്നു ലോകയുവജനദിനങ്ങൾ. നടക്കാൻ സാധിക്കാത്ത നിരവധി ആളുകൾ അവരുടെ കൂട്ടുകാർ വീൽചെയറിലും സ്ട്രെച്ചറിലുമായി കൊണ്ടുപോകുന്നത് കണ്ടപ്പോൾ സൗഹൃദങ്ങളുടെ ആഴവും വിലയും മനസ്സിലായി. യൂറോപ്പിൽ നടന്ന ലോകയുവജനസംഗമത്തിന്റെ അവസാനദിവസ രാത്രിആരാധനയിൽ 1.5 ദശലക്ഷംയുവജനങ്ങളാണ് പങ്കെടുത്തത്. യൂറോപ്പിലെ പള്ളികൾ മദ്യശാലകൾ ആകുന്നുവെന്ന് വിളിച്ചോതി നടക്കുന്നവർക്കുള്ള ഒത്ത മറുപടി ആയിരുന്നു ഈ 1.5 ദശലക്ഷം യുവാക്കളുടെ ഒത്തുചേരൽ. അടുത്ത ലോകയുവജനസംഗമത്തിന് കൊറിയയിലെ സിയോളിൽ കാണാം എന്നുള്ള പ്രതീക്ഷയിൽ ഞങ്ങൾ പിരിഞ്ഞു. ഇനി അടുത്തയുവജനസംഗമത്തിനായുള്ള കാത്തിരിപ്പിന്റെ നാളുകൾ. ●

---

Youth talk




**ഫാ. ഏബ്രഹാം തൈപ്പറമ്പിൽ**
അതിരൂപത എം.സി.വൈ.എം. ഡയറക്ടർ


# യുവത്വത്തിൽ കുറുക്കുവഴിവൽക്കരണം ആപത്ത്

**ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാതെ അവയിൽനിന്ന് ഒളിച്ചോടുന്നതും, കുറുക്കുവഴി തേടുന്നതും നന്നല്ല. കുറുക്കുവഴികളിൽ മൂല്യങ്ങൾ പലപ്പോഴും തകിടം മറിയും. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കൃത്രിമത്വം കാണിക്കേണ്ടി വരും. തന്മൂലം മനഃസാക്ഷി വികലമാവുകയും നന്മയുടെ താളക്രമം തെറ്റുകയും ചെയ്യും.**

**അതുകൊണ്ട് യുവത്വത്തിന്റെ ദൗത്യനിർവ്വഹണത്തിൽ ദൈവത്തെ പങ്കാളിയാക്കുക. കാരണം കുരിശിലേക്ക് കുറുക്കുവഴി ഇല്ലായിരുന്നു.**

www.malankaralibrary.com





# നിസ്സംഗതയല്ല യുവത്വം

**ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ**
(അതിഭദ്രാസന എം.സി.വൈ.എം.
അസി. ഡയറക്ടർ)

**യുവത്വം വെറുതെ ആഘോഷിച്ച് തിമിർത്ത് ജീവിക്കേണ്ട ഒരു കാലഘട്ടമല്ല; കാലഘട്ടത്തിന്റെ തിന്മകളിലേയ്ക്ക് ചാടിക്കടന്ന് അതിൽ ആനന്ദിച്ചുതീർക്കേണ്ട കാലഘട്ടവുമല്ല. യുവത്വം നന്നായി ആഘോഷിക്കുന്നതിനുള്ള വലിയ സാധ്യതകൾ നമുക്കു മുമ്പിലുണ്ട്.**

ജീവിതത്തിന്റെ വസന്തകാലഘട്ടമാണ് യുവത്വം. ആരോഗ്യവും സൗന്ദര്യവും കർമ്മകുശലതയും സമ്മേളിക്കുന്ന അതുല്യമായ കാലഘട്ടം. യുവത്വം ദൈവം കനിഞ്ഞരുളുന്ന നിധിയാണ്. അതീവ ഗൗരവത്തോടും പ്രാധാന്യത്തോടും കൂടി വേണം ഈ കാലഘട്ടത്തെ സമീപിക്കുവാനും, ആശ്ലേഷിക്കുവാനും.

യുവത്വം വെറുതെ ആഘോഷിച്ച് തിമിർത്ത് ജീവിക്കേണ്ട ഒരു കാലഘട്ടമല്ല; കാലഘട്ടത്തിന്റെ തിന്മകളിലേയ്ക്ക് ചാടിക്കടന്ന് അതിൽ ആനന്ദിച്ചുതീർക്കേണ്ട കാലഘട്ടവുമല്ല. യുവത്വം നന്നായി ആഘോഷിക്കുന്നതിനുള്ള വലിയ സാധ്യതകൾ നമുക്കു മുമ്പിലുണ്ട്. പക്ഷേ, നല്ല സാധ്യതകളെ ഇന്നത്തെ പല യുവജനങ്ങളും കണ്ടില്ലെന്നു നടിക്കുന്നു എന്നത് ഖേദകരമാണ്.




www.malankaralibrary.com

Verify that you are not a robot എന്ന ചോദ്യം നേരിടേണ്ടി വരുന്ന, സമൂഹ മാധ്യമങ്ങൾ തെളിയ്ക്കുന്ന നീല, പച്ച വെളിച്ചങ്ങൾക്കധിഷ്ഠിതമായി മനുഷ്യന്റെ അസ്തിത്വം അളക്കപ്പെടുന്ന ഈ ലോകത്ത് അടുത്തെങ്കിലും അകലെയാക്കിയ പോലെ ഒരു തുരുത്തുപോലെ ഒറ്റപ്പെട്ട യുവജന സമൂഹം ഇന്നു നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

കണ്ട് മറന്നിട്ടില്ലാത്ത ഒരു പരസ്യമാണ് 5 സ്റ്റാർ മിഠായിയുടെ അങ്കിളിന്റെ കസേര ഇപ്പോൾ കൊണ്ടുവരാം എന്നു പറഞ്ഞ് ഏതോ ലോകത്ത് നിൽക്കുന്ന രണ്ടു യുവാക്കൾ. ഇത് തന്നെയാണ് എല്ലാം വിരൽത്തുമ്പിൽ എത്തിച്ച ശാസ്ത്ര മുന്നേറ്റത്തിന്റെ ഒരു പ്രത്യാഘാതമായി മാറിയ നിസ്സംഗത. ചെയ്യേണ്ടത് എപ്പോൾ, എന്ത്, എങ്ങനെ എന്ന് അറിയാത്ത അവസ്ഥ. ധാർമ്മികത ചൂഷണം ചെയ്യപ്പെട്ടു മൂല്യങ്ങളെ വെല്ലുവിളിക്കുന്ന നിയമ സാധ്യതകൾ ഉള്ള ഒരു ലോകത്തിൽ അതിൽ വളർന്നു വരുന്ന ഒരു വ്യക്തി അനുഭവിക്കുന്ന തിരഞ്ഞെടുപ്പിന്റെ നിസ്സംഗത. നിസ്സംഗതയാണ് ഇന്നത്തെ യുവത്വം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഒന്നിനോടും പ്രതിബദ്ധതയില്ലാത്ത യുവജനങ്ങൾ ഇന്ന് വർദ്ധിച്ചുവരുന്നു. സാമൂഹിക പ്രശ്നങ്ങൾ കണ്ടില്ലായെന്ന് നടിക്കാനാണ് പല യുവജനങ്ങളുടെയും താല്പര്യം. ആവശ്യമില്ലാത്ത പല കാര്യങ്ങളിലേക്കും യുവത്വം വലിച്ചിഴയ്ക്കപ്പെടുന്നു. രാഷ്ട്രീയമായ ചില ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ചട്ടുകമായി യുവജനങ്ങളെ ചില ഛിദ്രശക്തികൾ മാറ്റിയെടുക്കുന്നു. പണം സമ്പാദിക്കുന്നതിനും, സുഖലോലുപതയ്ക്കും വേണ്ടി എവിടെയും ചെന്നു ചേക്കേറാനുള്ള ഇന്നത്തെ യുവത്വത്തിന്റെ അടങ്ങാത്ത അഭിവാഞ്ഛയും ആപത്കരമാണ്.

ആത്യന്തികമായി യുവത്വം നന്മയുള്ളതാണ്. അവരിലെ നന്മയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്നത്തെ മുതിർന്ന തലമുറ പരാജയപ്പെടുന്നു. അസ്തിത്വപ്രതിസന്ധിയും യുവത്വം നേരിടുന്ന ഒരു വെല്ലുവിളിതന്നെയാണ്. കുടുംബത്തിലും സഭയിലും സമൂഹത്തിലും വ്യക്തമായ ഒരു സ്ഥാനം യുവജനങ്ങൾക്ക് നൽകിയേ തീരൂ! യുവജന പരിശീലകർ അവരെ കുറ്റം വിധിക്കുന്നവരാകരുത്. നാലുപാടു നിന്നും വിമർശനങ്ങളേറ്റ് യുവത്വം തളർന്നു വീഴുമ്പോൾ, തളർത്താൻ പരാജയപ്പെടുത്താൻ മാത്രം ചുറ്റും നിൽക്കുന്ന ഒരു കൂട്ടം, എന്നും വിധിക്കപ്പെടാൻ മാത്രം വിധിക്കപ്പെട്ട ഒരു സമൂഹം.

കാലസാക്ഷ്യത്തിന്റെ ഈ ദുർമുഖങ്ങളാണ് ലഹരിയിലേക്കും, വിദേശനാട്ടിലേക്കുമുള്ള സ്ഥിരപലായനത്തിലേക്കും നയിക്കുന്നത്. അനുകരണവാഞ്ഛ യുവത്വത്തിന്റെ സവിശേഷതയാണ്. ഇഷ്ടപ്പെട്ട താരങ്ങൾ എന്തു കോമാളിത്തരം കാണിച്ചാലും യുവജനങ്ങൾ അതിനെ അന്ധമായി അനുകരിക്കാറുണ്ട്. ഇന്ന് കലാ-സാഹിത്യ, കായിക-രാഷ്ട്രീയ രംഗങ്ങളിലെല്ലാം യുവജനതയെ ആകർഷിക്കുന്ന താരങ്ങളുണ്ട്. ഈ താരങ്ങളുടെ നന്മകളോടൊപ്പം ഇവരിലെ വ്യക്തിത്വവൈകല്യങ്ങളും യുവജനങ്ങളിലേക്ക് ചേക്കേറും. അന്ധമായ അനുകരണം ആത്യന്തികമായി ആപത്തിലേക്ക് നയിക്കും. ഡോ. സുകുമാർ അഴീക്കോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "നിങ്ങൾ സ്റ്റാറുകളെ അകലെ നിന്നു കണ്ടുമാത്രം സൗന്ദര്യം ആസ്വദിക്കുക. അടുത്തു ചെന്നാലോ പൊള്ളും" അടുത്തു ചെന്നാൽ പൊള്ളുന്ന സ്റ്റാറുകളാണ് നമുക്കുചുറ്റും. മിന്നുന്നതെല്ലാം പൊന്നല്ല എന്ന ചൊല്ല് സമൂഹം മറന്നുപോകുന്നു. ഒരുപക്ഷേ, ആരുടെയൊക്കെയോ സ്വാർത്ഥലാഭത്തിനായുള്ള ചട്ടുകങ്ങളായി യുവത്വം മാറുന്നു. ഇവിടെയും ഉത്തരവാദിത്വപൂർവ്വം സമൂഹത്തിന്റെ ഏത് അത്യാഹിതങ്ങളിലും ഓടിയെത്തുന്ന സെക്കുലർ ലോകം പാഴായ സുഗന്ധതൈലം എന്ന് വിളിക്കുന്ന ഒരു കൂട്ടം യുവതലമുറയെ കാണാതിരിക്കുകയോ മറന്നു കളഞ്ഞതോ അല്ല. ചുറ്റും എന്താണ് നടക്കുന്നത് എന്ന് പോലും അറിയാതെ ദിനങ്ങൾ തള്ളിനീക്കുന്ന വൈബ്സ് തേടി ചാനൽ ഔട്ട് തന്നെയായ ഒരു സമൂഹത്തെയാണ്

www.malankaralibrary.com



# ബൈബിൾ കലോത്സവം 2023



തിരുവല്ല അതിരൂപത ബൈബിൾ കലോത്സവത്തിൽ മല്ലപ്പള്ളി മേഖല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. അതിരൂപതയിലെ കുമളി മുതൽ നിരണം വരെയുള്ള 9 മേഖലയിലെ കുട്ടികളാണ് ബൈബിൾ കലോത്സവത്തിൽ സംബന്ധിച്ചത്. രണ്ടും മൂന്നും സ്ഥാനങ്ങൾ കോട്ടയം, തിരുവല്ല മേഖലകൾ നേടി. പള്ളികളിൽ ഒന്നാം സ്ഥാനം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകയും രണ്ടും മൂന്നും സ്ഥാനങ്ങൾ മല്ലപ്പള്ളി സെന്റ്. ഫ്രാൻസിസ് സേവ്യർ ഇടവകയും, മണ്ണടിശ്ശാല സെന്റ് മേരിസ് ഇടവകയും നേടി. വിജയികൾക്ക് ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സമ്മാനങ്ങൾ നൽകി. മുഖ്യവികാരിജനറാൾ ഫാ.ഡോ. ഐസക് പറപ്പള്ളിൽ, അതിരൂപത ഡയറക്ടർ ഫാ. സന്തോഷ് അഴകത്ത്, ഫാ. മാത്യു പുനക്കുളം, ഫാ. ഫിലിപ്പ് വട്ടമറ്റം, ഫാ. ഈപ്പൻ പുത്തൻപറമ്പിൽ, സിസ്റ്റർ സോമി ഒ.എസ്.എസ്. എന്നിവർ പ്രസംഗിച്ചു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി 65 –ാം വാർഷികം



*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, തിരുവല്ല സെൻട്രൽ കൗൺസിൽ 65-ാമത് വാർഷികം, അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. നാഷണൽ പ്രസിഡന്റ് ശ്രീ. ജൂഡ് മംഗൽ രാജ്, കേരള റീജിയൻ കോഓർഡിനേറ്റർ ശ്രീ. തോമസ് പുലിക്കോട്ടിൽ, ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. കുര്യൻ കിഴക്കേക്കര, സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ശ്രീമതി ലെനി ഏബ്രഹാം എന്നിവർ സമീപം.*

www.malankaralibrary.com






www.malankaralibrary.com

www.malankaralibrary.com



# ആരോഗ്യം





**ഡോ. ബെറ്റ്സി എ. ജോസ്**
അസി. പ്രൊഫ., ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ, പുഷ്പഗിരി
(2018 ലെ നിപ്പ സ്റ്റേറ്റ് ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഭാഗം ആയിരുന്നു)

Spanish - American തത്വചിന്തകൻ ആയിരുന്ന George Santayana ഇപ്രകാരം പറഞ്ഞിട്ടുണ്ട് "ഭൂതകാലത്തെ തെറ്റുകൾ ഓർത്തിരിക്കാത്തവർ അത് ആവർത്തിച്ചു കൊണ്ടിരിക്കും".

കേരളത്തിൽ 4-ാം തവണയും നിപ്പ എന്ന രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഈ വസ്തുതയ്ക്ക് കഴമ്പുള്ളതായി തോന്നുന്നില്ലേ? 2018ലും 2019 ലും 2021 ലും വന്നതിനുശേഷം 2023 സെപ്റ്റംബർ മാസം വീണ്ടും നിപ്പ തലപൊക്കിയിരിക്കുന്നു. നമുക്ക് തെറ്റുപറ്റിയിരിക്കുന്നുവോ? അതിനെക്കുറിച്ച് ഈ ലേഖനത്തിൽ ഒന്നു വിശകലനം ചെയ്തു നോക്കാം.

ലോകപ്രശസ്തമായ ബാൾട്ടിമോർ Institute for Human Virology ൽ നിന്നും സംസ്ഥാന സർക്കാരിന് 2018 ലെ നിപ്പബാധ ഫലപ്രദമായി നേരിട്ടതിനുള്ള ആദരം ലഭിച്ചിരുന്നു. രോഗമുണ്ടായതിനു ശേഷം അത് നന്നായി കൈകാര്യം ചെയ്യാൻ കേരളത്തിലെ ആരോഗ്യമേഖല സജ്ജമാണ്. എന്നാൽ ഇനിയും നേരിടുന്നതിനു മുൻപായി രോഗപ്രതിരോധ മാർഗ്ഗങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത് അനിവാര്യമാണ്.

അന്താരാഷ്ട്ര സയൻസ് മാസികയായ "NATURE" 2021 ൽ പുറത്തുവിട്ട ജന്തുജന്യരോഗവ്യാപന സാധ്യത കൂടുതലുള്ള (Hotspot) പ്രദേശങ്ങളുടെ പട്ടികയിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്. അതായത് ജന്തുജന്യരോഗ ഭീഷണിയിൽ നിന്ന് മാറി നിൽക്കാൻ കേരളത്തിനു കഴിയില്ലെന്ന സാഹചര്യമാണ് അപ്പോൾ നിലവിലുള്ളതെന്ന് മനസ്സിലാക്കാം. കുരങ്ങുപനി, പക്ഷിപ്പനി. എലിപ്പനി, പന്നിപ്പനി തുടങ്ങിയ ജന്തുജന്യരോഗങ്ങൾ ആരോഗ്യമേഖലയ്ക്ക് വെല്ലുവിളിയായി മാറിയിരിക്കുന്നു. ഈ സാഹചര്യമെല്ലാം കണക്കിലെടുക്കുമ്പോൾ ഇനിയും വേണ്ടത്ര രോഗ പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തിയില്ലയെങ്കിൽ നിപ്പ പോലുള്ള ജന്തുജന്യരോഗങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെടും എന്ന് നിസ്സംശയം പറയാം.

**രോഗലക്ഷണങ്ങളും വ്യാപനവും എങ്ങനെ? ചരിത്രം പരിശോധിക്കുമ്പോൾ**

1998 ൽ മലേഷ്യയിലെ പന്നിക്കർഷകരിലാണ് ആദ്യമായി നിപ്പ റിപ്പോർട്ട് ചെയ്തത്. തലച്ചോറു സംബന്ധമായ രോഗലക്ഷണങ്ങൾ കാണിച്ചതിനാൽ ജപ്പാൻ ജ്വരം ആണെന്ന് തെറ്റിദ്ധരിക്കപ്പെട്ടു. പിന്നീട് നിപ്പ റിപ്പോർട്ട് ചെയ്തത് ബംഗ്ലാദേശിലായിരുന്നു.

www.malankaralibrary.com




# നിപ്പയും ഏകാരോഗ്യവും

തലച്ചോറിനെ മാത്രമല്ല, ശ്വാസകോശത്തെയും ഹൃദയത്തെയുംകൂടെ ബാധിക്കുന്ന തരത്തിലാണ് രോഗം കണ്ടത്.

രണ്ട് സാഹചര്യത്തിലും പഴംതീനി വവ്വാലുകൾ ആണ് രോഗവാഹകർ എന്ന് മനസ്സിലാക്കുകയും ചെയ്തു. എന്നാൽ രോഗം ഉണ്ടാക്കുന്ന വൈറസുകൾ വവ്വാലുകളിൽ രോഗാവസ്ഥ ഉണ്ടാക്കുന്നതുമില്ല. മലേഷ്യയിൽ പന്നിയിൽ നിന്ന് കർഷകരിലേക്കാണ് രോഗവ്യാപനം നടന്നിരിക്കുന്നത്. അങ്ങനെയെങ്കിൽ വവ്വാലുകൾ എങ്ങനെ ഉറവിടമാകും?

വവ്വാലുകൾ കടിച്ച പഴങ്ങൾ തീറ്റയായി നൽകിയ പന്നികളിലൂടെയാണ് മനുഷ്യരിലേക്ക് നിപ്പ വൈറസ് എത്തിയിരിക്കുന്നത്. തുടക്കത്തിൽ ബംഗ്ലാദേശിലും എങ്ങനെയാണ് മനുഷ്യരിലേക്ക് വൈറസ് ബാധ ഉണ്ടായതെന്ന് കണ്ടുപിടിക്കാനായില്ല. പിന്നീട് നടന്ന അന്വേഷണത്തിൽ പനംകള്ള് കുടിക്കുന്ന വവ്വാലുകളുടെ വിസർജ്യത്തിലൂടെയും ഉമിനീരിലൂടെയും കള്ളിലേക്ക് എത്തുകയും പിന്നീട് അത് ഉപയോഗിച്ച മനുഷ്യരിലേക്ക് പടരുന്നതെന്നും കണ്ടുപിടിച്ചു.

കേരളത്തിൽ ഇതുവരെയും ഏതുരീതിയിലാണ് വൈറസ് വവ്വാലുകളിൽനിന്ന് മനുഷ്യരിലേക്ക് എത്തുന്നതെന്നു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ കാണപ്പെടുന്ന വവ്വാലുകളിൽ നിപ്പ വൈറസ് സാന്നിധ്യം ഉള്ളതായി കണ്ടെത്തി. എന്നാൽ അത് മനുഷ്യരിലേക്ക് എങ്ങനെ എത്തപ്പെടുന്നു എന്നതിന് ഊഹാപോഹങ്ങൾ മാത്രമേ നിലവിലുള്ളൂ. വവ്വാലുകൾ ഭക്ഷിച്ച് ഉപേക്ഷിച്ചുപോയ പഴങ്ങളിൽ നിന്നാണ് വൈറസ് മനുഷ്യരിലേക്ക് എത്തിയതെന്നാണ് കരുതുന്നത്.

**മനുഷ്യരിലെ രോഗലക്ഷണങ്ങൾ**

ഒരു വ്യക്തിയിൽ രോഗാണു പ്രവേശിച്ചുകഴിഞ്ഞാൽ 4 മുതൽ 21 ദിവസം കൊണ്ട് പ്രാരംഭ രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങും. പനിയോടുകൂടിയുള്ള ശരീരവേദന, ക്ഷീണം, തലവേദന, ചുമ, തൊണ്ടവേദന എന്നിവയാണ് പ്രാരംഭ രോഗലക്ഷണങ്ങൾ. മറ്റു വൈറൽ രോഗങ്ങളുടെ ലക്ഷണങ്ങൾ

www.malankaralibrary.com

മാത്രമാണ് നിപ്പയുടെ പ്രാരംഭ ദിശയിലും കാണപ്പെടുക. അതുകൊണ്ടുതന്നെ പ്രാരംഭ ലക്ഷണങ്ങൾ വച്ച് നിപ്പ എന്ന രോഗസംശയത്തിലേക്ക് ആരോഗ്യ സംവിധാനം എത്തപ്പെടാനുള്ള സാധ്യത നന്നെകുറവാണ്.

രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഛർദ്ദി, സ്ഥലകാലബോധം നഷ്ടപ്പെടുക, മാനസിക വിഭ്രാന്തി, അപസ്മാരം, ബോധക്ഷയം, ശ്വാസതടസ്സം എന്നിവ കാണപ്പെടുകയും വിദഗ്ധ ചികിത്സ ആവശ്യമായി വരുകയും ചെയ്യും. അപ്പോൾ മാത്രമാണ് നിപ്പ എന്ന രോഗസംശയത്തിലേക്ക് രോഗി ശ്രദ്ധിക്കപ്പെടുക. അപ്പോഴേക്കും ഇതുവരെ സംഭവിച്ചതുപോലെ ഒരു ജീവൻ എങ്കിലും ആരോഗ്യസംവിധാനത്തിന് നഷ്ടപ്പെട്ടിട്ടുണ്ടാവും. ഈ 'ഒരു മരണം' തടയാനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങളും, ആരോഗ്യസംവിധാനങ്ങളും സജ്ജീകരിക്കാൻ കേരളത്തിനു സാധിച്ചാൽ പിന്നീട് കേരള മോഡൽ ഹെൽത്തിനെ വെല്ലുവിളിക്കാൻ മറ്റൊരു സംവിധാനത്തിനും കഴിയുകയില്ലെന്ന് നിസ്സംശയം പറയാം.

**രോഗം പകരുന്നത് എങ്ങനെ?**

രോഗിയുമായി അടുത്തിടപഴകുന്നതിലൂടെ ശരീരസ്രവങ്ങളിലൂടെ, അണുവിമുക്തമാക്കാത്ത ആശുപത്രി ഉപകരണങ്ങളിലൂടെ, മൃഗങ്ങളിൽ നിന്ന്, പക്ഷിമൃഗാദികൾ കഴിച്ച പഴങ്ങൾ ഭക്ഷിക്കുന്നതിലൂടെ ഒക്കെ രോഗവ്യാപനം സംഭവിക്കാം. വായുവിലൂടെ പകരില്ല.

**രോഗം സ്ഥിരീകരിക്കുന്നത് എങ്ങനെ?**


രക്തം, മൂത്രം, തൊണ്ടയിലെ സ്രവം, വേണ്ടിവന്നാൽ നട്ടെല്ലിൽ നിന്നുള്ള സാംപിൾ എന്നിവയാണ് ലാബിൽ പരിശോധിക്കുന്നത്.

**ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ?**

കോവിഡ് സമയത്ത് പാലിച്ചതുപോലെ മാസ്ക്കും കയ്യുറകളും ധരിക്കുക. സുരക്ഷിത അകലം പാലിക്കുക. കൈകൾ ഇടയ്ക്ക് സോപ്പും വെള്ളവും ഉപയോഗിച്ച് 20S കഴുകുക. സാനിറ്റൈസർ ഉപയോഗിക്കുക. നിലത്തു വീണതും പക്ഷികളും മൃഗങ്ങളും കടിച്ച് അവശേഷിപ്പിച്ചതുമായ പഴങ്ങൾ കഴിക്കരുത്. വവ്വാലുകളും കാഷ്ഠവും മൂത്രവും കാണുവാൻ ഇടയുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കുക.

**നിപ്പ ആവർത്തിക്കാതിരിക്കാൻ സർക്കാർ തലത്തിൽ ആവശ്യമായ മുൻകരുതലുകൾ എന്തൊക്കെ?**

**1.** 2018 ലെ നിപ്പ ബാധയെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ച Advanced Institute of Virology തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനം തുടങ്ങിയെങ്കിലും ഇപ്പോഴും പൂനെയിലുള്ള Virology Institute ൽ നിന്നു തന്നെയാണ് പരിശോധന ഫലങ്ങൾ




വരുന്നത്. രോഗം റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ ഒരു നിമിഷം പോലും പാഴാക്കാതെ പരിശോധന നടത്തുന്നതിന് സംസ്ഥാന സർക്കാർ തോന്നയ്ക്കലിൽ സ്ഥാപിച്ച Institute ന്റെ പ്രവർത്തനം നല്ല രീതിയിൽ ആക്കേണ്ടതുണ്ട്.


**2.** മുൻപ് പറഞ്ഞതുപോലെ കേരളത്തിൽ എങ്ങനെയാണ് വൈറസ് വവ്വാലുകളിൽ നിന്ന് മനുഷ്യരിലേക്ക് എത്തപ്പെടുന്നതിന് വ്യക്തമായ മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അത് കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയാന്വേഷണങ്ങൾ ആരോഗ്യവകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടത്തേണ്ടതുണ്ട്.

**3.** ജന്തുജന്യരോഗങ്ങളും മരണങ്ങളും കൃത്യമായി നിരീക്ഷിക്കുന്നതിനും കണ്ടെത്തുന്നതിനും Health Protection Agency സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

**4.** മുൻപ് പറഞ്ഞതുപോലെ രോഗം സ്ഥിരീകരിച്ചു കഴിഞ്ഞാൽ അത് പിടിച്ചുകെട്ടാൻ കേരളത്തിലെ ആരോഗ്യവകുപ്പ് സജ്ജമാണ്. എന്നാൽ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ('Public Health Cadre')

www.malankaralibrary.com






പൊതുജനാരോഗ്യ വകുപ്പ് കൂടിയേ തീരൂ. നിയമസഭ പാസ്സാക്കിയ 'Public Health Act' ഇപ്പോഴും ഗവർണ്ണരുടെ പരിഗണനയിലാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഉടനടി ആരംഭിക്കേണ്ടതുണ്ട്.

**5.** കേരളത്തിൽ നിപ്പ പോലെയുള്ള ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന നാശം കേവലം രോഗികളുടെ എണ്ണവും മരണനിരക്കും മാത്രമല്ല, അത് സാമൂഹിക സാമ്പത്തിക വ്യവസ്ഥകളെയും തകിടം മറിക്കും. ഇനിയും ഈ രോഗം ആവർത്തിച്ചാൽ 'നിപ്പ പ്രദേശം' എന്നു നാം മുദ്രകുത്തപ്പെടും. അങ്ങനെ മുദ്രകുത്തപ്പെട്ടാൽ, അത് ഭക്ഷ്യഉൽപ്പന്നങ്ങളുടെ കയറ്റുമതിയെയും ടൂറിസം വ്യവസായത്തെയും സാരമാം വിധം ബാധിക്കും. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ആരോഗ്യവകുപ്പ് മാത്രം വിചാരിക്കുന്നത് കൊണ്ട് ഇത് നേടിയെടുക്കുക എന്നത് സാധ്യമല്ല.

അവിടെയാണ് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുള്ളതായ 'ഏകാരോഗ്യം' - ('One Health') എന്ന സമീപനത്തിലേക്ക് എത്തിച്ചേരേണ്ടതിന്റെ ആവശ്യകത. അതിന് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, ആരോഗ്യവകുപ്പും, മൃഗസംരക്ഷണവകുപ്പും, പരിസ്ഥിതിവകുപ്പും കൃഷിവകുപ്പും ഒത്തുചേർന്ന് പ്രവർത്തിക്കണം. ഈ സമീപനത്തിലൂടെ മാത്രമേ ഇനിയുള്ള പകർച്ചവ്യാധികൾക്ക് ഒരു തടയിടാൻ സാധിക്കുകയുള്ളൂ.

**ഏകാരോഗ്യം എന്നാൽ എന്ത്?**

മലയാള സാഹിത്യത്തിലെ ഒരേയൊരു സുൽത്താനായ വൈക്കം മുഹമ്മദ് ബഷീർ 'ഭൂമിയുടെ അവകാശികൾ' എന്ന കഥയിൽ എല്ലാ ജീവികൾക്കും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ടെന്നും അവയുടെ സന്തുലിതാവസ്ഥയും പരിസ്ഥിതിസംരക്ഷണവുംമനുഷ്യന്റെ കടമയാണെന്നും പറഞ്ഞുവയ്ക്കുന്നുണ്ട്. താത്വികമാണെങ്കിലും, അതിന് ഒരു ശാസ്ത്രീയ വശം കൂടിയുണ്ട്.

കാലാവസ്ഥാവ്യതിയാനവും പരിസ്ഥിതി നാശവും ആഗോളതാപനവും ആഗോളവൽക്കരണവും കുടിയേറ്റവും വർദ്ധിച്ച ദേശാന്തര യാത്രകളും, വനനശീകരണവും മുതലായവമൂലം ആവാസവ്യവസ്ഥയിൽ വരുന്ന മാറ്റങ്ങളും വനവിസ്തൃതി ചുരുങ്ങുന്നതിനാലും നിയമവിരുദ്ധമായ വന്യജീവികടത്ത് തുടങ്ങിയ കാരണങ്ങളാലും മുൻപ് വന്യജീവികളിൽ മാത്രം ഒതുങ്ങിയിരുന്ന HIV, Spanishflu, SARS, Ebola, Zika എന്നീ രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസുകൾ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുകയും പിന്നീട് മനുഷ്യർക്കിടയിൽ വ്യാപിക്കുകയും ചെയ്യുന്നു. ഇവയെ 'Spillover' രോഗങ്ങൾ എന്നാണ് പറയപ്പെടുന്നത്.

മനുഷ്യന്റെ ആരോഗ്യം ചുറ്റുമുള്ള ജീവജാലങ്ങളുടെ ആരോഗ്യവുമായും പ്രത്യേകിച്ച് മൃഗങ്ങളുടെ പരിസ്ഥിതിയുമായും പിണഞ്ഞു കിടക്കുന്നു. ഈ ആശയത്തിനെയാണ് 'One Health' ഏകാരോഗ്യം എന്നു വിളിക്കുന്നത്. പൊതുജനാരോഗ്യവിദഗ്ധർ, വെറ്റിനറി ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, വനം-വന്യജീവി സംരക്ഷണ ഉദ്യോഗസ്ഥർ, ഗവേഷകർ, ഭരണാധികാരികൾ തമ്മിലുള്ള ഫലപ്രദമായ ആശയവിനിമയവും സമത്വവും ഏകാരോഗ്യമാതൃക ഭരണതലത്തിൽ നടപ്പിലാക്കുന്നതിന് പ്രധാനമാണ്.

പകർച്ചവ്യാധികളെക്കുറിച്ചുള്ള പഠനം ആരോഗ്യവകുപ്പു മാത്രം ചെയ്യേണ്ടതല്ല. ഇതിനായി വിവിധ വകുപ്പുകൾ ആരോഗ്യം, മൃഗസംരക്ഷണം, പരിസ്ഥിതി, കൃഷി, വനം ഇവ ഒരു കുടക്കീഴിൽ വരേണ്ടതുണ്ട്. നിപ്പ പോലെയുള്ള മറ്റു ജന്തുജന്യരോഗങ്ങളെ പ്രതിരോധിക്കാൻ ഈ സമീപനത്തിൽ കൂടി മാത്രമേ സാധിക്കുകയുള്ളൂ. ഏകാരോഗ്യചിന്തയെ പ്പറ്റി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കട്ടെ...

www.malankaralibrary.com






# ഹോമിയോപ്പതി ചില തെറ്റിദ്ധാരണകൾ





ഡോ. സി. ഐറിൻ എസ്.ഐ.സി.
(ബഥനി ഹോമിയോ ക്ലിനിക്, വെച്ചൂച്ചിറ)

ഹോമിയോപ്പതി എന്ന ചികിത്സയെക്കുറിച്ച് അറിവിനേക്കാളും കൂടുതൽ തെറ്റിദ്ധാരണകളാണ് പൊതുജനങ്ങൾക്കിടയിലുള്ളത്.

*** ഹോമിയോ മരുന്നുകൾ "Slow acting" ആണോ. രോഗം മാറുവാൻ കാലതാമസം വരുമോ?**

കൂടുതൽ ശതമാനം ആളുകളും ഹോമിയോ മരുന്നുകൾ കഴിക്കുന്നത് പഴകിയ രോഗങ്ങൾക്കാണ്. അപ്പോൾ അതിന്റേതായ കാലതാമസം ഉണ്ടാകും. എന്നാൽ പെട്ടെന്നുള്ള രോഗത്തിന് (Actue diseases) ന് മരുന്ന് കൃത്യമായി കഴിച്ചാൽ പെട്ടെന്ന് തന്നെ മാറുന്നതായി കാണുവാൻ സാധിക്കും.

*** ഹോമിയോ മരുന്ന് കഴിക്കുമ്പോൾ കഠിനമായ പഥ്യം ഉണ്ട്, അല്ലെങ്കിൽ കട്ടൻ കാപ്പി കുടിക്കുവാൻ സാധിക്കില്ല അല്ലെങ്കിൽ ഡയറ്റ് നോക്കണം എന്നത് ശരിയാണോ?**

സാധാരണ രോഗം ഏത് തരം എന്ന് ഡോക്ടർ മനസ്സിലാക്കിയാണ് പഥ്യം നിശ്ചയിക്കുന്നത്.

ഉദാ: "Vericose vein Ulcer" ഈ രോഗത്തിന്റെ ലക്ഷണങ്ങൾ കണക്കിലെടുത്തും രോഗിയുടെ അവസ്ഥ മനസ്സിലാക്കിയും ആണ് പഥ്യം തീരുമാനിക്കുന്നത്. ചില മരുന്നുകൾ ചില ഭക്ഷണത്തിന് എതിരാണ്. അതുകൊണ്ടാണ് പറയുന്നത് ചില മരുന്നുകൾ കഴിക്കുമ്പോൾ കട്ടൻകാപ്പി ഒഴിവാക്കണം എന്നത്. എന്നാൽ ഹോമിയോ മരുന്നുകൾ കഴിക്കുമ്പോൾ നിർബന്ധമായും nescafe, Bru പോലെയുള്ള കോഫി കുടിക്കാൻ പാടില്ല.

www.malankaralibrary.com





**ചില മിഥ്യാധാരണകൾ മൂലം ഹോമിയോപ്പതിയിൽ ആളുകൾ വരാൻ മടിക്കുന്നു. ഈ രോഗലക്ഷണങ്ങളെ അതിജീവിക്കാൻ സാധിക്കാത്തതു മൂലം ഹോമിയോ മരുന്നുകൾ ഫലിക്കുന്നില്ല എന്നുപറഞ്ഞ് തെറ്റിദ്ധാരണ ഉണ്ടാക്കുന്നു.**

കാരണം caffeine ന്റെ substance ഇതിൽ കൂടുതൽ ആണ്. എന്നാൽ നമ്മുടെ നാട്ടിലെ കാപ്പിക്കുരു കൊണ്ട് പൊടിച്ച കാപ്പിപ്പൊടിയിൽ caffeine ന്റെ substance കുറവാണ്. അതുകൊണ്ടാണ് കട്ടൻകാപ്പി ഡോക്ടറിന്റെ നിർദ്ദേശപ്രകാരം കുടിക്കാം എന്ന് പറയുന്നത്.

*** ഹോമിയോ വൈദ്യശാസ്ത്രത്തിൽ സർജറി ഉണ്ടോ?**

ഈ വൈദ്യശാസ്ത്രം പഠിക്കുമ്പോൾ സർജറി പഠിക്കുന്നുണ്ട്. റഫർ ചെയ്യാൻ വേണ്ടിയല്ല, രോഗം കാണുമ്പോൾ ചികിത്സിക്കാൻ വേണ്ടിയാണ് ഇത് പഠിക്കുന്നത്. സർജറി മാത്രമല്ല, അങ്ങനെ ഒരു മെഡിക്കൽ സയൻസിന് മോഡേൺ മെഡിസിൻ എന്തെല്ലാം പഠിക്കുന്നുണ്ടോ അതെല്ലാം ഒരു ഹോമിയോ വൈദ്യശാസ്ത്രം പഠിക്കുമ്പോൾ പഠിക്കുന്നുണ്ട്. ഇതിന്റെ ഒരു പ്രത്യേകത Pharmacology വ്യത്യസ്തമാണ്. ഹോമിയോ Pharmacology പഠിക്കുന്ന കൂട്ടത്തിൽ തന്നെ homeopathy യുടെ Philosophy പഠിക്കുന്നുണ്ട്.

എല്ലാ സർജിക്കൽ രോഗത്തിനും സർജറി ചെയ്യുന്നില്ല. ഹോമിയോപ്പതിയിൽ സർജിക്കൽ രോഗങ്ങളായ Tonsillitis, adenoids, fibroid, polyp...etc ഇവയൊക്കെ ഹോമിയോപ്പതി മെഡിസിൻ ഉപയോഗിച്ച് മാറ്റാവുന്നതാണ്. എന്നാൽ Severe hemorrhage, myocardial infarction തുടങ്ങിയവയ്ക്ക് ഒക്കെ അലോപ്പതിയിൽ റഫർ ചെയ്യുന്നുണ്ട്.

*** ഹോമിയോ മരുന്ന് കഴിച്ചാൽ ആദ്യം ഒന്ന് കുറയും. പിന്നീട് ആ രോഗം കൂടും എന്നത് ശരിയാണോ?**

"Slightly aggravation of existing symptoms"

“നിലവിലുള്ള രോഗലക്ഷണങ്ങളുടെ നേരിയ വർദ്ധനവ്” എന്നാണ് ഹോമിയോപ്പതി ഫിലോസഫി പറയുന്നത്.

ഉദാ: Chicken pox (ചിക്കൻ പോക്സ്) എന്നത് വേഗത്തിൽ പകരുന്ന ഒരു വൈറസ് രോഗമാണ്. ഈ രോഗത്തിന്റെ ലക്ഷണമായി ചെറുതും വലുതുമായ കുരുക്കൾ പുറത്തേക്ക് വരുന്നു. അത് ഈ രോഗത്തിന്റെ സ്വാഭാവിക വളർച്ചയാണ്. ഇങ്ങനെ പുറത്തേക്ക് വന്നാൽ മാത്രമേ ഈ രോഗം പൂർണ്ണമായി മാറുകയുള്ളൂ. ഇതുവഴി പ്രതിരോധശേഷി ലഭിക്കുന്നു. ഹോമിയോപ്പതിയിൽ ഇതിന് ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്. ഈ മരുന്ന് ഉപയോഗിക്കുന്നതു വഴി വേദന, ക്ഷീണം, ഉറക്കക്കുറവ്, തളർച്ച, ഇത് മൂലമുണ്ടാകുന്ന അമിതമായ പാടുകൾ എന്നിവ ഒഴിവാക്കാൻ സാധിക്കും.

ചില മിഥ്യാധാരണകൾ മൂലം ഹോമിയോപ്പതിയിൽ ആളുകൾ വരാൻ മടിക്കുന്നു. ഈ രോഗലക്ഷണങ്ങളെ അതിജീവിക്കാൻ സാധിക്കാത്തതുമൂലം ഹോമിയോ മരുന്നുകൾ ഫലിക്കുന്നില്ല എന്നുപറഞ്ഞ് തെറ്റിദ്ധാരണ ഉണ്ടാക്കുന്നു. ശരിയായ സൗഖ്യം (Ideal cure) എന്നത് ഈ പ്രക്രിയയിലൂടെ പോയാൽ മാത്രമെ സാധിക്കുകയുള്ളൂ.

www.malankaralibrary.com



# ܝܽܘܠܦܳܢܳܐ ܕܠܶܫܳܢܳܐ ܣܽܘܪܝܳܝܳܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 18
## ദൈവാലയ തിരുവസ്തുക്കൾ

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ദൈവാലയങ്ങളിൽ ഉപയോഗിക്കുന്ന തിരുവസ്തുക്കളുടെ സുറിയാനി പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെർയൂനൊ, കീറൂസൊ, കൻദീലൊ<br>മെഴുകുതിരി (wax candle) | ܩܶܪܝܽܘܢܳܐ :<br>ܩܰܢܕܺܝܠܳܐ : ܟܺܪܽܘܣܳܐ |
| മ്നൊർത്തൊ, തിരി വയ്ക്കുന്നതിനുള്ള പീഠം (lamp stand) | ܡܢܳܪܬ݂ܳܐ |
| മർവഹ്സൊ (fan) മാലാഖമാരുടെ മുഖം ചിത്രീകരിച്ചിരിക്കുന്ന മണികളോടു കൂടിയ നീളമുള്ള ദണ്ഡിലുറപ്പിച്ച ലോഹത്തകിട്. മറുബാസ എന്നത് ഇതിന്റെ വികല രൂപമാണ്. | ܡܰܪܘܰܚܬ݂ܳܐ |
| ഫിർമൊ, ധൂപക്കുറ്റി (censer) | ܦܺܝܪܡܳܐ |
| ല്ബുൻതൊ, കുന്തുരുക്കം (frankincense) | ܠܒ݂ܽܘܢܬ݂ܳܐ |
| സിബോറിയം (ciborium) കാസായ്ക്കും പീലാസായ്ക്കും പകരം വി. കുർബ്ബാന നല്കുന്നതിനു ഉപയോഗിക്കുന്ന പാത്രം | ܦܰܢܟܺܝܬ݂ |
| കാസ (chalice) തിരുരക്തം വയ്ക്കുന്ന പാത്രം | ܟܳܣܳܐ |
| പിൻകൊ, പീലാസ (paten)<br>തിരുശരീരം വയ്ക്കുന്ന പാത്രം | ܦܶܝܢܟܳܐ |

www.malankaralibrary.com




| | |
|---|---|
| പീലാസ (paten)<br>തിരുശരീരം വയ്ക്കുന്ന പാത്രം | ܦܝܠܣܐ |
| കൗക്ക്ബൊ (star)<br>തിരുശരീരം മൂടുന്ന തുണി തിരുശരീരത്തിൽ സ്പർശിക്കാതിരിക്കുവാൻ ഉപയോഗിക്കുന്ന നക്ഷത്രരൂപത്തിലുള്ള ലോഹ ഉപകരണം | ܟܘܟܒܐ |
| തർവോദൊ (spoon)<br>കാർമ്മികൻ വി. കുർബ്ബാന സ്വീകരിക്കുവാനുപയോഗിക്കുന്ന സ്പൂൺ | ܬܪܘܕܐ |
| മ്ശംശോനീസൊ (deaconess) ശുശ്രൂഷക. കാസാ പീലാസ എന്നിവയ്ക്കൊപ്പം ജലം വയ്ക്കുന്ന പാത്രം. | ܡܫܡܫܢܝܬܐ |
| എസ്പൂഗൊ, ഗോമൂറൊ (sponge)<br>തർവോദൊ വയ്ക്കുന്ന ചുവന്ന സിൽക്കു തുണികൊണ്ടുള്ള ചെറിയ കുഷ്യൻ | ܐܣܦܘܓܐ |
| ഹ്മീറൊ, പുളിപ്പുള്ള അപ്പം (leavened bread) | ܚܡܝܪܐ |
| ഹമ്റൊ, വീഞ്ഞ് (wine) | ܚܡܪܐ |
| തൽബെശ്ത്തൊ, വിരിക്കൂട്ടം (shroud)<br>തബലീത്തായുടെ മുകളിൽ കാസായും പീലാസായും വയ്ക്കുന്നതിനായി വിരിച്ചിടുന്ന ചുവപ്പ്, പച്ച, വെള്ള നിറങ്ങളിലുള്ള തുണി | ܬܠܒܫܬܐ |
| ശൂശേപ്പൊ (veil) കാസായും പീലാസായും മൂടുന്ന വെളുത്ത തുണി. ശോശപ്പ എന്നത് കിഴക്കൻ സുറിയാനി ഉച്ചാരണമാണ്. | ܫܘܫܦܐ |
| മ്കബ്ലോനൊ. കാസായുടെയും പീലാസായുടെയും തുണി കൊണ്ടുള്ള മൂടി. സ്വീകരിക്കുന്നവൻ (recipient) എന്നാണ് ഈ വാക്കിന്റെ വാച്യാർത്ഥം | ܡܩܒܠܢܐ |
| ഹൂഫോയൊ (a covering over) കാസായുടെയും പീലാസായുടെയും തുണി കൊണ്ടുള്ള മൂടി | ܚܘܦܝܐ |

www.malankaralibrary.com

ജാലകം

# ഇങ്ങനെ ഉള്ളവരെ സൂക്ഷിക്കണമോ?



തേളും തവളയും പല പ്രാവശ്യം കണ്ടുമുട്ടി. ഓരോ പ്രാവശ്യം കണ്ടുമുട്ടുമ്പോഴും അവർ അവരുടെ പരിചയം പുതുക്കിക്കൊണ്ടേയിരുന്നു. അവർ തമ്മിൽ പതുക്കെ പതുക്കെ നല്ല കൂട്ടുകാരായി മാറി. ഓരോ പ്രാവശ്യവും തവളയോട് തവളയുടെ കൂടെയുള്ളവർ പറയുന്നുണ്ട് വേണ്ടാ, തേളിന്റെ കൂട്ട് കൂടണ്ടാ, തേളിനെ വിശ്വസിച്ചുകൂടാ എന്ന്. തവളയ്ക്ക് തന്റെ കൂട്ടുകാരനെക്കുറിച്ച് ആരും അങ്ങനെ പറയുന്നത് ഒട്ടും ഇഷ്ടമായില്ല. അവൾ അതിനൊന്നും പ്രതികരിക്കാതെ വീണ്ടും തേളിന്റെ കൂടെ കൂട്ടുകൂടിക്കൊണ്ടിരുന്നു. അവർ നല്ല കൂട്ടുകാരായി മാറി. ഒരിക്കൽ സങ്കടത്തോടെ ഈ തേൾ തവളയോട് പറയുകയാണ്: "നീ എത്ര ഭാഗ്യവാനാണ്. നിനക്ക് ഈ പുഴയുടെ അപ്പുറവും ഇപ്പുറവും കടക്കാമല്ലോ. എനിക്കാണെങ്കിൽ ഈ പുഴയുടെ അപ്പുറം എന്താണ് ലോകമെന്നുപോലും അറിഞ്ഞുകൂടാ." തവള പറഞ്ഞു: "ഇതുപോലെ തന്നേയുള്ളു പുഴയുടെ അപ്പുറവും." തേൾ പറഞ്ഞു: "എന്നെ ഒരു ദിവസം നിനക്ക് കൊണ്ടുപോകാമോ? തവള പറഞ്ഞു: കൊണ്ടുപോകാം." എല്ലാ വാക്കും കൊടുത്തു കഴിഞ്ഞ് തവള പെട്ടെന്ന് ചിന്തിച്ചു തേളിന്റെ അത്ര അടുത്ത് ഞാൻ നിന്നിട്ടില്ല. ഇതിന്റെ അപ്പുറം കൊണ്ടുപോകുമ്പോൾ തേൾ എന്നെ ചതിക്കുമോ? തേൾ ചോദിച്ചു: എന്താണ് നീ ആലോചിക്കുന്നത്? ഞാൻ ചതിക്കുമെന്നാണോ? ഞാൻ നിന്റെ കൂട്ടുകാരനല്ലേ? ഞാൻ നിന്നെ ഒരിക്കലും ചതിക്കില്ലല്ലോ. അങ്ങനെ രണ്ടുപേരും കൂടി വാക്ക് ഉറപ്പിച്ച് പുഴയുടെ അപ്പുറം പോകാൻ തീരുമാനിച്ചു. രണ്ടുപേരും തയ്യാറായി. തവളയുടെ പുറത്തേക്ക് ഈ തേൾ കയറി ഇരുന്നു. എന്നിട്ട് പതുക്കെ പുഴയുടെ അപ്പുറത്തേക്ക് പോകുകയാണ്. അങ്ങനെ നീന്തി നീന്തിപ്പോകുമ്പോൾ ഇടയ്ക്കുവെച്ച് തവളയ്ക്ക് എന്തോ അസ്വസ്ഥത അനുഭവപ്പെട്ടു. തവള ചോദിച്ചു: തേളേ, നീ എന്നെ മുറുക്കി പിടിക്കുന്നു



**മെർലിൻ റ്റി മാത്യു**

www.malankaralibrary.com



ണ്ടോ? തേൾ പറഞ്ഞു...ഇല്ലല്ലോ. അങ്ങനെ അവർ പുഴയുടെ നടുക്ക് എത്തിയപ്പോൾ തേൾ വല്ലാതെ തവളയെ മുറുക്കി പിടിക്കാൻ തുടങ്ങി. തവള വീണ്ടും ചോദിച്ചു: തേളേ, നീ എന്നെ ഇത്ര മുറുക്കി പിടിക്കരുത്. എനിക്ക് വേദനിക്കുന്നു. അല്പം കൂടി മുന്നോട്ട് പോകുന്നതനുസരിച്ച് തേൾ മുറുക്കി മുറുക്കി തവളയെ പിടിക്കാൻ തുടങ്ങി. തവള പറഞ്ഞു: ഞാനും നീയും ഒന്നിച്ചു മുങ്ങിപ്പോകും. എനിക്ക് മുന്നോട്ട് പോകാൻ സാധിക്കുന്നില്ല. തേൾ തവളയോടുപറഞ്ഞു, എന്താണെന്നറിഞ്ഞുകൂട തവളേ, ഞാൻ ഇങ്ങനെയാണ്. തേൾ മുറുക്കി പിടിക്കുന്നത് കൂടിക്കൂടി വന്നു. രണ്ടുപേരും കൂടി വെള്ളത്തിനടിയിലേക്ക് താഴുകയാണ്. തവള തേളിനോട് ചോദിച്ചു: ഞാൻ നിന്നോട് പറഞ്ഞതല്ലേ നമ്മൾ രണ്ടും താഴ്ന്നു പോകുകയേയുള്ളൂ എന്ന്. പറഞ്ഞു തീരും മുമ്പ് രണ്ടു പേരും താഴ്ന്നു പോകുകയും ചെയ്തു.

പ്രിയമുള്ളവരേ, നമുക്കും ഉണ്ട് അനേകം സുഹൃത്തുക്കൾ. സൗഹൃദം സുകൃതമാണ്. എന്നാൽ പലപ്പോഴും വിശ്വസിച്ച് കൂടെ കൂടിയവർ എത്രകണ്ടും മാറില്ല. ഇവിടെ ഒടുവിൽ തേൾ തവളയോട് പറയുന്നുണ്ട്. എന്താണെന്നറിഞ്ഞുകൂട തവളേ, ഞാൻ ഇങ്ങനെയാണ്. ഇങ്ങനെയാണ് ചില സുഹൃത്തുക്കൾ. നമ്മൾ എത്ര ജീവൻ കൊടുത്ത് വിശ്വസിച്ചാലും അവരെ തിരിച്ച് വിശ്വസിക്കാൻ പറ്റില്ല എന്നു മനസ്സിലായാലും നമ്മൾ വീണ്ടും വീണ്ടും അവരോട് കൂട്ടുകൂടും. കൂട്ടുകൾ, സൗഹൃദങ്ങൾ സൂക്ഷിച്ചു മാത്രം തിരഞ്ഞെടുത്തില്ലായെങ്കിൽ വലിയ വില ജീവിതത്തിൽ അതിന് കൊടുക്കേണ്ടി വരും. അതുകൊണ്ട് സൗഹൃദങ്ങൾ സുകൃതമാണ്. സുഹൃത്തുക്കളെ തിരഞ്ഞെടുക്കുന്നത് വളരെ സൂക്ഷിച്ചായിരിക്കട്ടെ.



www.malankaralibrary.com

ബാല ദീപം



# അനാഥൻ



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

പണക്കാരനായ പോൾസൻ മുതലാളിയുടെ അടുത്ത് എത്തിയ അദ്ദേഹത്തിന്റെ ഭാര്യ പൊന്നമ്മ പതിവ് പോലെ അന്നും പരാതിപ്പെട്ടു, "നിങ്ങളുടെ അപ്പനെ ശുശ്രൂഷിച്ച് ഞാൻ മടുത്തു. എത്രയും വേഗം നിങ്ങൾ അയാളെ ഏതെങ്കിലും വൃദ്ധമന്ദിരത്തിലേക്ക് മാറ്റണം."

വൃദ്ധനായ പൗലോസ് ചേട്ടൻ വളരെ വർഷത്തെ കഠിനമായ അധ്വാനത്തിലൂടെ പോൾസനെ വാൽസല്യത്തോടെ വളർത്തി, പഠിപ്പിച്ച് വലിയ ഒരു ബിസിനസ്സുകാരനും പണക്കാരനും ആക്കി. പൗലോസ് ചേട്ടന്റെ സ്നേഹം നിറഞ്ഞ ഭാര്യ എല്ലാ കാര്യത്തിലും ചേട്ടന് കൂട്ടായിരുന്നു. ഭാര്യയുടെ മരണശേഷം രോഗവും ക്ഷീണവും ബാധിച്ച് പൗലോസ് ചേട്ടൻ അവശനായി. പോൾസന്റെ ഭാര്യ പൊന്നമ്മയ്ക്ക് പൗലോസ് ചേട്ടൻ ഒരു ഭാരം ആയി മാറിയിട്ട് വർഷങ്ങളായി. അവർ ചേട്ടനെ ക്രൂരമായി കുറ്റപ്പെടുത്തുകയും കഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു. പോൾസന് ഭാര്യയെ പിണക്കാൻ മടിയായിരുന്നു. എന്നാൽ പോൾസന്റെ മക്കളായ ജോണിയും ഹണിയും പൗലോസ് ചേട്ടനെ വളരെയധികം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. അദ്ദേഹം കുട്ടികളെ ജീവനുതുല്യം സ്നേഹിച്ചിരുന്നു.

അടുത്ത ദിവസം അതിരാവിലെ, കുട്ടികൾ ഉണരും മുമ്പേ, പോൾസനും പൊന്നമ്മയും കൂടെ പൗലോസ് ചേട്ടനെ അവരുടെ കാറിൽ കയറ്റി നേരത്തെ നിശ്ചയിച്ചിരുന്ന പോലെ ഒരു വൃദ്ധമന്ദിരത്തിൽ എത്തിച്ചു. തകർന്ന മനസ്സോടെയും തളർന്ന ശരീരത്തോടെയും കൂടെ വൃദ്ധമന്ദിരത്തിൽ നിന്ന ആ വൃദ്ധൻ കണ്ണീരോടെ അവരുടെ മടക്കയാത്ര നോക്കി നിന്നു.

പോൾസനും പൊന്നമ്മയും വീട്ടിൽ എത്തിയപ്പോൾ ജോണിയും ഹണിയും വലിയപ്പച്ചനെ വീട്ടിലെല്ലാം അന്വേഷിക്കുകയായിരുന്നു. അദ്ദേഹം അതിരാവിലെ അകലെയുള്ള ഒരു ബന്ധുവീട്ടിലേക്ക് പോയി എന്നു കള്ളം പറഞ്ഞ് അവർ കുട്ടികളെ സമാധാനിപ്പിച്ചു.

അന്ന് വൈകുന്നേരം അവരുടെ ഇടവകയിലെ വികാരിയച്ചൻ കപ്യാരെയും കൂട്ടി അവരുടെ വീട്ടിലെത്തി. എല്ലാ വർഷവും നടത്താ

www.malankaralibrary.com



റുള്ള ഭവനാശിർവാദവും തിരുഹൃദയപ്രതിഷ്ഠയും നടത്താനാണ് അച്ചൻ വന്നത്. അവർ ആദരവോടെ അച്ചനെ വീടിനുള്ളിലേക്ക് ക്ഷണിച്ചു. കൂദാശയ്ക്കുള്ള ഒരുക്കങ്ങൾ കഴിഞ്ഞ്, പ്രാർത്ഥനകൾ തുടങ്ങാറായപ്പോൾ അച്ചൻ പറഞ്ഞു, "പൗലോസ് ചേട്ടനെ വിളിക്കൂ. പ്രാർത്ഥനയിൽ വീട്ടിലുള്ള എല്ലാവരും പങ്കെടുക്കണമല്ലോ." അത് കേട്ട് ഞെട്ടിയ പോൾസൻ പറഞ്ഞു, "അച്ചോ, അപ്പച്ചൻ ഇപ്പോൾ ഇവിടെയില്ല. നമുക്ക് പ്രാർത്ഥന തുടങ്ങാം." അച്ചൻ അന്വേഷിച്ചു, "പൗലോസ് ചേട്ടൻ എവിടെ പോയി?" ഉത്തരം പറയാൻ പ്രയാസപ്പെട്ട പോൾസനും പൊന്നമ്മയും പരസ്പരം നോക്കി. അച്ചൻ വീണ്ടും ചോദിച്ചപ്പോൾ പോൾസൻ കുട്ടികൾ കേൾക്കാതെ രഹസ്യമായി ആ സത്യം അച്ചനെ അറിയിച്ചു.

വികാരിയച്ചൻ പോൾസനെ വിളിച്ചു കൊണ്ട് പുറത്തേക്ക് പോയി. അന്നുവരെ അറിഞ്ഞിട്ടില്ലാത്ത ചില സത്യങ്ങൾ പോൾസനെ അച്ചൻ അപ്പോൾ അറിയിച്ചു. "പോൾസന് എത്ര വയസ്സായി?" എന്ന് അച്ചൻ അവനോട് ചോദിച്ചു. "മുപ്പത്തിയാറ്" എന്നവൻ മറുപടി പറഞ്ഞു. അച്ചൻ തുടർന്നു, "മുപ്പത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ അകലെയുള്ള ഒരു അനാഥമന്ദിരത്തിൽ സേവനം നടത്തുകയായിരുന്നു. അവിടെ അന്ന് അനാഥരായ നൂറിലധികം കൊച്ചു കുട്ടികൾ താമസിച്ചിരുന്നു. മക്കളില്ലാത്ത ദമ്പതികൾ അവിടെയെത്തി കുഞ്ഞുങ്ങളെ ദത്തെടുക്കാറുണ്ടായിരുന്നു. അന്നൊരിക്കൽ പൗലോസ് ചേട്ടനും ഭാര്യയും കൂടെ അനാഥാലയത്തിൽ എത്തി. സ്വന്തമായി മക്കൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് ഡോക്ടർ അറിയിച്ചതിനാൽ ഒരു അനാഥക്കുട്ടിയെ അവിടെനിന്നും ദത്തെടുക്കാനാണ് അവർ വന്നത്. ഒരു വയസ്സു മാത്രം പ്രായമുള്ള ഒരു ആൺകുട്ടിയെ അവർ അവിടെ നിന്ന് ദത്തെടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി. അവനെ അവർ സ്വന്തം കുഞ്ഞിനെപ്പോലെ വാത്സല്യത്തോടെ വളർത്തി വലുതാക്കി."

ഇത്രയും കേട്ടപ്പോഴേ പോൾസൻ അച്ചന്റെ കാലിൽ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. അവൻ പറഞ്ഞു, "എന്നോട് ക്ഷമിക്കണേ. അനാഥനായിരുന്ന എന്നെ കഷ്ടപ്പെട്ട് ഓമനിച്ച് വളർത്തിയ എന്റെ അപ്പച്ചനെ വൃദ്ധമന്ദിരത്തിൽ ക്രൂരമായി ഉപേക്ഷിച്ചു കളഞ്ഞ മഹാപാപിയാണല്ലോ ഞാൻ! എത്രയും വേഗം ഞാൻ പോയി എന്റെ അപ്പച്ചനെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന് മരണം വരെ പൊന്നുപോലെ നോക്കും." അവനെ ആശ്വസിപ്പിച്ചുകൊണ്ട് അച്ചൻ പറഞ്ഞു, "പശ്ചാത്തപിച്ച നിന്റെ തെറ്റുകൾ ദയാലുവായ ദൈവം ക്ഷമിക്കും. പോൾസൻ ഉടനെ പോയി അപ്പച്ചനെ തിരികെ കൊണ്ടുവരൂ. ഭവനകൂദാശ അതിനു ശേഷം തുടരാം."

പോൾസൻ കാറിൽ കയറി പാഞ്ഞുപോയി. വൃദ്ധമന്ദിരത്തിലെത്തിയ അവൻ പൗലോസ് ചേട്ടന്റെ കാൽക്കൽ വീണ് പൊട്ടിക്കരഞ്ഞുകൊണ്ട് മാപ്പിരന്നു. നല്ലവനായ പൗലോസ്ചേട്ടൻ അവനെ ആശ്വസിപ്പിച്ചുകൊണ്ട്, നിറഞ്ഞ സ്നേഹത്തോടെ, വീണ്ടും വീണ്ടും ചുംബിച്ചു. അദ്ദേഹം പോൾസനോടൊത്ത് വീട്ടിലേക്ക് തിരിച്ചെത്തി. സ്നേഹനിധിയായ വല്യപ്പച്ചനെ കണ്ട കുട്ടികൾ സന്തോഷത്തോടെ ഓടിയെത്തി അദ്ദേഹത്തെ സ്വീകരിച്ചു. വീട്ടിലുള്ള എല്ലാവരും വികാരിയച്ചൻ നയിച്ച പ്രാർത്ഥനയിൽ സജീവമായി സംബന്ധിച്ചു. കൂടുമ്പോൾ ഇമ്പമുള്ള ഇടമാണ് കുടുംബം എന്ന് എല്ലാവർക്കും അന്ന് ബോധ്യമായി.

**വളർത്തു മാതാപിതാക്കളോട് വളർത്തു മക്കൾക്ക് ഉണ്ടാകേണ്ട സ്നേഹവും കടപ്പാടും വളരെ വലുതാണ്. നിസ്സഹായരായ അനാഥരെ ദയാപൂർവം ദത്തെടുത്ത് സ്വന്തം മക്കളെപ്പോലെ വളർത്തി ജീവിതവിജയത്തിൽ എത്തിക്കുന്നത് ഉന്നതവും ഉത്തമവും ഉത്കൃഷ്ടവുമായ ഒരു പുണ്യപ്രവൃത്തിയാണ്.**

മനുഷ്യനെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ച ദൈവം കുടുംബത്തെ സ്വർഗ്ഗത്തിന്റെ സാദൃശ്യത്തിലാണ് സ്ഥാപിച്ചത്. നമുക്ക് നന്മയും ദീർഘായുസ്സും ലഭിക്കുവാനായി ദൈവം നല്കിയ കല്പനയാണ്, "മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക" എന്നത്: (പുറപ്പാട് 20: 12, നിയമാവർത്തനം 5: 16, എഫേസോസ് 6: 2-3).

അനാഥരെ അനാഥത്വത്തിൽ നിന്നും കരുണയോടെ ഏറ്റെടുത്ത് കരുതലോടെ സംരക്ഷിച്ച് വാത്സല്യത്തോടെ വളർത്തുന്ന വളർത്തു മാതാപിതാക്കളോട് വളർത്തു മക്കൾക്ക് ഉണ്ടാകേണ്ട സ്നേഹവും കടപ്പാടും വളരെ വലുതാണ്. നിസ്സഹായരായ അനാഥരെ ദയാപൂർവം ദത്തെടുത്ത് സ്വന്തം മക്കളെപ്പോലെ വളർത്തി ജീവിതവിജയത്തിൽ എത്തിക്കുന്നത് ഉന്നതവും ഉത്തമവും ഉത്കൃഷ്ടവുമായ ഒരു പുണ്യപ്രവൃത്തിയാണ്. എല്ലാ കുഞ്ഞുങ്ങളെയും അനന്തമായി സ്നേഹിക്കുന്ന യേശു പറഞ്ഞു, "ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" (മർക്കോസ് 9:37).

www.malankaralibrary.com

ചെറുകഥ



# ശാന്തിയുടെ സുവിശേഷം

ഇന്ന് ഞാൻ ഒറ്റപ്പെട്ടവനെപ്പോലെ ആയിരിക്കുന്നു. എന്തുവേണമെന്ന് എനിക്ക് അറിയില്ല. എന്റെ പിഞ്ചുമകനും കുടുംബാംഗങ്ങളും കാർ ആക്സിഡന്റിൽ മരിച്ചതിന്റെ വേദന കടിച്ചമർത്തി കഴിയുന്ന നിമിഷങ്ങളിലാണ് ഞാനിപ്പോൾ.

താഴെ തോമസുകുട്ടിയുടെ വീട്ടിൽ നിന്നും ഉയരുന്ന സന്തോഷത്തിന്റെ ചടുലതാളങ്ങൾ ഇനിയും ഒരിക്കലും ഓർക്കരുതെന്നു വിചാരിച്ച നൊമ്പരപ്പാടുകളിലേക്ക് നയിച്ചു തുടങ്ങി.

സാമ്പത്തികമായി വളരെ ഭദ്രതയുള്ള എന്റെ വീടിനോട് ചേർന്ന് താഴെ താമസിക്കുന്ന കുടുംബത്തിലെ അംഗമാണ് തോമസുകുട്ടി. ഞാനും തോമസുകുട്ടിയും ഒരേ ക്ലാസ്സിൽ പഠിച്ചവരാണ്. ഞാൻ മുൻബെഞ്ചിലും അവൻ പുറകിലെ ബെഞ്ചിലും ആയിരുന്നു എന്ന് മാത്രം. ക്ലാസിൽ ഏറെ സമർത്ഥനായിരുന്നതിനാൽ ഞാൻ ഒരു അഹങ്കാരിയായി മാറിയിരുന്നു. എനിക്ക് മറ്റുള്ളവരോട് യഥാർത്ഥത്തിൽ അനിഷ്ടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഠനത്തിൽ ഏറെ പിന്നാക്കം ആയിരുന്ന തോമസുകുട്ടിയോട് എനിക്ക് യാതൊരു അടുപ്പവും തോന്നിയിരുന്നില്ല. ദരിദ്രവാസി, തിരുമണ്ടൻ.

പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന അവന്റെ കുടുംബത്തോട് ഇടപെടുന്നത് എന്റെ വീട്ടിൽ പ്രോത്സാഹിപ്പിച്ചിരുന്നില്ല. എന്റെയും തോമസുകുട്ടിയുടെയും വീടിന്റെ ഇടയിലൂടെ മതിലുകെട്ടി വേർപെടുത്തിയിരുന്നു. ആ കുടുംബവുമായി ഇടപഴകുന്നതിന് യാതൊരു അവസരവും ഉണ്ടാവാതിരിക്കാൻ എന്റെ വീട്ടിലെ അംഗങ്ങളും ഞാനും ഏറെ ശ്രദ്ധിച്ചിരുന്നു. അങ്ങനെ ഒരു തോമസുകുട്ടി എന്റെ കൂടെ പഠിക്കുമ്പോൾ അവനുമായി കൂട്ടുചേരുന്നത് ചിന്തിക്കാവുന്ന ഒന്നായിരുന്നില്ല.



**വർഗീസ് പീറ്റർ**
**ഇരവിപേരൂർ**

ഇന്നിപ്പോൾ ഇതാ മാറ്റിനിർത്തിയിരുന്ന തോമസുകുട്ടി ചിരിയും കളിയുമായി അവന്റെ വീട്ടിൽ ഭാര്യയോടും മക്കളോടും ഒപ്പം ആർത്തുല്ലസിക്കുന്നു. ഞാൻ ആകട്ടെ ഇവിടെ വേദനിച്ചു കഴിയുന്നു. ഓർമ്മകളിൽ ഓടിയെത്തുന്ന മകന്റെ സാന്നിധ്യവും കളിയും ചിരിയും എന്നെ വേദനിപ്പിക്കുകയാണ്. അവ

www.malankaralibrary.com



നോടൊപ്പം നഷ്ടപ്പെട്ട എന്റെ ഭാര്യയും എന്റെ മാതാപിതാക്കളും ഓർമ്മകൾ മാത്രമായി തീർന്നിരിക്കുന്നു

ഇന്നലെവരെ അടഞ്ഞുകിടന്നിരുന്ന എന്റെ വീട്ടിലേക്ക് ഞാൻ കടന്നുവരുമ്പോൾ ഏകാന്തതയാണ് എനിക്ക് ഒരുക്കിവെച്ചിരുന്നത്. ഇന്നലെകളിലൂടെ കടന്നുപോകുമ്പോൾ ഇറങ്ങിച്ചെന്ന് തോമസുകുട്ടിയോട് മാപ്പ് ചോദിച്ചാലോ എന്ന് ഞാൻ ചിന്തിച്ചു പോവുകയാണ്.

വലിയ ഉദ്യോഗവും പദവിയും ശമ്പളവും സമ്പത്തും ഉണ്ടെങ്കിലും മനസ്സിനുള്ളിലെ അശാന്തിയുടെ നൊമ്പരം എന്നെ വിടാതെ പിന്തുടരുന്നു. എന്നാൽ പ്രയാസങ്ങളിലും സാമ്പത്തിക ഞെരുക്കങ്ങളിലും സന്തോഷം കണ്ടെത്തുന്ന തോമസുകുട്ടിയുടെ കുടുംബം. പാടേ വെറുത്തിരുന്ന തോമസുകുട്ടിയുടെ വീട്ടിൽ തീർച്ചയായും കടന്നു ചെല്ലണം. ഞാൻ ഉറച്ച തീരുമാനമെടുത്തു.

ഇങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ ആണ് കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ടത്. വാതിൽ തുറന്നു നോക്കുമ്പോൾ എനിക്ക് അതിശയവും ഞെട്ടലുമാണ് ഉണ്ടായത്. കൺമുമ്പിൽ തോമസുകുട്ടി.

'എടാ ചാക്കോച്ചാ നീയെന്താ വന്നിട്ട് എന്നെ വിളിക്കാഞ്ഞേ?', തോമസുകുട്ടി ഏറെ സ്നേഹത്തോടെ അന്വേഷിക്കുന്നു. 'എന്റെ ശോശാമ്മ തന്നു വിട്ടതാ നിനക്ക് രാവിലത്തേക്ക് ഈ ആഹാരം. ചപ്പാത്തിയും മൊട്ടക്കറിയുമാ.'

എന്റെ കൈ അവന്റെ നേരെ യാന്ത്രികമായി നീണ്ടു.

'കയറി വാടാ തോമസുകുട്ടി.'

ഞാൻ അവനെ ചേർത്തു നിർത്തി ആലിംഗനം ചെയ്തു. കണ്ണീർ ധാരധാരയായി ഒഴുകി.

'നിനക്ക് എന്താ പറ്റിയത്? വെറുതെ കരയല്ലേ.'

'തോമസുകുട്ടീ, നിന്നെ ഞങ്ങൾ വെറുത്തിട്ടും നീ എന്നെ ഇങ്ങനെ അങ്ങ് സ്നേഹിക്കുകയാണോ?'

'ചാക്കോച്ചാ, സത്യത്തിൽ നിനക്ക് ഉണ്ടായ ദുരന്തം ഞങ്ങൾ അറിഞ്ഞിരുന്നു പക്ഷേ നിങ്ങൾ അങ്ങ് പുറത്തല്ലായിരുന്നോ?'

മറുപടിയായി എനിക്ക് കരയാനെ കഴിഞ്ഞുള്ളൂ.

'ചാക്കോച്ചാ സത്യത്തിൽ നീ എന്നോട് അടുക്കാതിരുന്നത് കൊണ്ട് എനിക്ക് തന്നെ നിൽക്കാൻ പ്രാപ്തിയായി. ഈ മതില് കെട്ടിയില്ലായിരുന്നെങ്കിൽ ഞങ്ങടെ ഗതികേട് കാലത്ത് നിങ്ങളെ ആശ്രയിച്ചേനെ. ഞങ്ങളെ ജീവിക്കാൻ പ്രാപ്തമാക്കിയത് സത്യത്തിൽ ഈ മതിലാണ്. അങ്ങനെ നോക്കിയാൽ നന്മ മാത്രമേ നിങ്ങൾ ചെയ്തിട്ടുള്ളൂ.'

'തോമസുകുട്ടി നീ എന്നെ വെറുക്കുന്നില്ലേ?'

'എനിക്കൊരു വെറുപ്പുമില്ല. പിണങ്ങിയിട്ട് എന്താ നേടാനാ ചാക്കോച്ചാ? ഞങ്ങൾ സന്തോഷമായി കഴിയുന്നു. ഞങ്ങൾ രണ്ടും ചേർന്ന് സ്വയംതൊഴിൽ പരിപാടിയാണ്. ചപ്പാത്തി, ദോശമാവ്, ധാന്യം പൊടിക്കൽ തുടങ്ങിയ പരിപാടി.'

എനിക്ക് എന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഉറക്കെ കരയാൻ തുടങ്ങി.

'ഇത് എന്തോന്നാ ചാക്കോച്ചാ? നീ എല്ലാം മറക്ക്. നിന്റെ ദുഃഖത്തിൽ നിന്നോടൊപ്പം ചേരാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. നീ ഭക്ഷണം കഴിക്ക്. ഉച്ചയ്ക്കും നിനക്ക് ഭക്ഷണം ഞങ്ങടെ വീട്ടിൽ.'

'എല്ലാവർക്കും സുഖമാണോടാ തോമസുകുട്ടി?'

'അതെ. നീ ഉച്ചയ്ക്ക് വീട്ടിലോട്ടു വാ. ദേ, ഈ മുറ്റമൊക്കെ വല്ലാതെ വൃത്തികേടായി കിടക്കുന്നു. ഞാനും എന്റെ ശോശാമ്മയും കൂടി വരാം. നമുക്ക് ഇത് വൃത്തിയാക്കാം.'

എനിക്കു സംഭവിക്കുന്ന തിരിച്ചറിവിന്റെ നിമിഷങ്ങൾ.

തോമസുകുട്ടി മടങ്ങുന്നത് സന്തോഷത്തോടും എന്നാൽ ഏറെ സങ്കടത്തോടും ഞാൻ നോക്കി നിന്നു.

●

## അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് MBA ക്ക് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ശാന്തി കുര്യൻ വടശ്ശേരിലിന് അഭിനന്ദനങ്ങൾ. തിരുവല്ല അതിരൂപതയിൽ തിരുമൂലപുരം ഇടവകാംഗമാണ്.

www.malankaralibrary.com

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഷെബിൻ**

## ഉപകാരസ്മരണ



**ഒരു വിശ്വാസി, പെരിങ്ങര**

## ഉപകാരസ്മരണ



**ഒരു വിശ്വാസി, തിരുവല്ല**

## മാർ പീലക്സിനോസ് ഡയാലിസിസ് പദ്ധതി



*ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മപ്പെരുന്നാൾ നവംബർ 2, 3 തീയതികളിൽ തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. പൗലോസ് മാർ പീലക്സിനോസ് പിതാവിന്റെ സ്മരണയ്ക്കായി ആരംഭിക്കുന്ന ചാരിറ്റബിൾ ട്രസ്റ്റിലെ നിർദ്ദനരായ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്ന പദ്ധതിയുടെ ആദ്യ ഗഡു സമ്മേളനത്തിൽ കുടുംബാംഗങ്ങൾ തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി.*

www.malankaralibrary.com





# മല്പാനോട് ചോദിക്കാം

ഫാ. ഡോ. രാജു പറക്കോട്ട്

16

# എന്താണിതിന്റെ അർത്ഥം?

ശുബ്ഹൊ വീക്കോറൊ
ഉസെഗ്ത്തൊ ഉറാബുസ് യോയൂസൊ
നെശ്ത്ത്‌വേദ് നാസേക് ലാബൊ
ഉലബ്റൊ വൽറൂഹൊ കാദീശൊ

ܫܘܒܚܐ ܘܐܝܩܪܐ
ܘܣܓܕܬܐ ܘܪܒܘܬܐ ܝܐܝܘܬܐ
ܢܫܬܘܕܐ ܢܣܩ ܠܐܒܐ
ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀

കൃംതാക്കാലം ഞായറാഴ്ച പ്രഭാതപ്രാർത്ഥനയിലെ “നാഥാ നിൻ രാജ്യ-ത്തിൻ മഹാമാഗമനേ....” എന്നു തുടങ്ങുന്ന എനിയോനൊയിൽ “ശുബ്ഹൊ ലാബോ ഉലബ്റൊ വൽ റൂഹൊ കാദീശൊ” എന്നതിനു പകരം നല്കിയിരിക്കുന്നതാണ് മേലുദ്ധരിച്ചിരിക്കുന്ന സുറിയാനി ഭാഗം. ഇതിന്റെ മലയാള വിവർത്തനം ഇപ്രകാരമാണ്: “സ്തുതിയും ബഹുമാനവും വലിയ മഹത്വവും പിതാവിനും പുത്രനും, പരിശുദ്ധാത്മാവിനും കരേറ്റുവാൻ ഞങ്ങൾ യോഗ്യരായിത്തീരേണമേ”. ഈ സുറിയാനി പദ്യശകലം “നാഥാ നിൻ രാജ്യ-ത്തിൻ മഹിമാഗമനേ....” എന്ന എനിയോനൊ പാടുന്നതുപോലെ തന്നെ പാടുകയാണ് വേണ്ടത്. സാധാരണ ദിവസങ്ങളിലെ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന ശ്ഹീമോ നമസ്കാരത്തിലെ എല്ലാ പ്രഭാതപ്രാർത്ഥനകളിലും ഈ സുറിയാനി പദ്യശകലം ഇല്ലെങ്കിലും, ഞായറാഴ്ചകളിലെയും, തിരുനാളുകളിലെയും പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന പെങ്കീസാ നമസ്ക്കാരത്തിലെ എല്ലാ പ്രഭാതപ്രാർത്ഥനകളിലും “ശുബ്ഹൊ വീക്കോറൊ...” എന്നു തുടങ്ങുന്ന ഗീതമായി ചൊല്ലാവുന്ന ഈ ത്രിത്വസ്തുതി ഉണ്ട്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com

# Remembrance - November



Fr. K.M. Pathrose
Karamel Koickel
03 November 1992



Fr. Thomas
Kalekattil
05 November 1947




Msgr John
Kachiramattam
05 November 1958



Fr. Paulose
Thykattil
06 November 1959



Fr Alex
Payyampallil
12 November 1997



Fr. Abraham
Madathirampil
14 November 1997



Fr. George
Purackal
15 November 1975



Fr. Mathew
Vazhappally
15 November 1975



Fr. Thomas
Angadiyil
15 November 2017



Fr. Koshy
Elavatta
20 November 1973



Fr. Jacob
Cheriamadom
24 November 1989



Fr. Thomas
Neriamparampil
28 November 1981


കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം




വിവാഹ ഒരുക്ക സെമിനാർ
2023
ഡിസംബർ – 19, 20

സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com

# ഇഷ്ടം

## അടിയന്തര ചികിൽസയ്ക്ക് അതിരില്ലാസഹായം.



ഒക്ടോബർ 1, 2023 മുതൽ പുഷ്പഗിരി ആശുപത്രിയിൽ സ്ത്രീകൾക്കായുള്ള OBG Emergency, 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായുള്ള പീഡിയാട്രിക് EMERGENCY സേവനങ്ങളെല്ലാം സൗജന്യ നിരക്കിൽ ആയിരിക്കും. രോഗികൾക്കു അവർ ആവശ്യപ്പെടുന്ന സൗജന്യ ശതമാനം എത്രയോ, അത്രയും തന്നെ പൂർണമായി അനുവദിച്ചുനൽകുന്നതായിരിക്കും.

തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിലുള്ള പുഷ്പഗിരി ആശുപത്രിയുടെ 65-ാം വാർഷികം പ്രമാണിച്ച് ഈ സൗജന്യങ്ങൾ 31-12-2023 വരെ ലഭ്യമാകും. മരുന്നുകൾ ഉൾപ്പെടെ എമർജൻസിയിൽ നിന്ന് ലഭിക്കുന്ന എല്ലാ സേവനങ്ങൾക്കും, ബിൽ തുക എത്രയാണെങ്കിലും, നിങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നൽകാൻ തീരുമാനിക്കുന്ന തുക മാത്രം അടച്ചാൽ മതിയാകും. ബാക്കി ഡിസ്കൗണ്ട് ആയി രേഖപ്പെടുത്തും.

**PUSHPAGIRI**
MEDICAL COLLEGE HOSPITAL

FOLLOW US NOW

www.malankaralibrary.com

Date of Publication : 01-11--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
November 2023




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil